# വ്യാപാരകേരളം

## കവിതാ മത്സരപ്പതിപ്പ്

പുസ്തകം 1 ലക്കം 5 പേജുകൾ 44 സെപ്റ്റംബർ 2020



- 30 കവിതകൾ
- പ്രണയഗീതങ്ങളുടെ പൂക്കാലം
- സമകാലികം
- റിഥം ഓഫ് ലൈഫ്

കവിതാമത്സരം: ജൂറി അംഗങ്ങൾ



രാവുണ്ണി



ഗോപീകൃഷ്ണൻ



ശ്രീലത വർമ്മ



ലോപ

മുഖച്ചിത്രം: രേവതി രൂപേഷ്

# എഡിറ്റേഴ്സ് പേജ്



**രേവതി രൂപേഷ്**

തൃശൂർ ജില്ലയിലെ കോളങ്ങാട്ടുകര നിവാസിനി. എഴുത്തുകാരി, അഭിനേത്രി, മോഡൽ, സാമൂഹിക പ്രവർത്തക, മികച്ച ചാരിറ്റി സംഘാടക.



വ്യാപാരകേരളം മാസിക സംഘടിപ്പിച്ച പ്രഥമ കവിതാ മത്സരം, പുതിയ കവിതകളുടെ നിറ സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു. ഓൺലൈനിൽ മാത്രം നൽകിയ ഒരു ചെറിയ അറിയിപ്പിനെ തുടർന്ന്, പരിചിതവും അപരിചിതവുമായ വിവിധയിടങ്ങളിൽ നിന്നും കവിതകൾ വന്നെത്തിയത് അത്ഭുതപ്പെടുത്തുന്ന വേഗത്തോടെയായിരുന്നു. ലഭിച്ച കവിതകളാകട്ടെ ഒന്നിനൊന്നു മെച്ചവും.

ഇവയിൽ നിന്നും പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുകയെന്ന ശ്രമകരമായ ദൗത്യം നിർവഹിച്ച വിധികർത്താക്കളോടുള്ള നന്ദി സ്നേഹപൂർവ്വം രേഖപ്പെടുത്തുന്നു.

ഡോ. സി. രാവുണ്ണി, പി.എൻ.ഗോപീകൃഷ്ണൻ, ലോപ, ശ്രീലത വർമ്മ എന്നിവരടങ്ങിയ ജൂറി കണ്ടെത്തിയത്, രചനാവീഥിയിൽ ശ്രദ്ധേയങ്ങളായ സംഭാവനകൾ കൈരളിക്ക് സമ്മാനിക്കാൻ കെൽപ്പുണ്ടെന്ന് പ്രകടമാക്കിയവരെ തന്നെയാണ്.

103 കവിതകളാണ് മത്സരത്തിന് ലഭിച്ചത്. മത്സരിച്ച കവികളുടെ പേരുകൾ അനുബന്ധമായി മാസികയിൽ ചേർത്തിട്ടുണ്ട്. ഒരേ പ്രമേയം, വ്യത്യസ്ത കോണുകളിൽ നിന്നും നിരീക്ഷിച്ച് രചന നിർവഹിക്കയാൽ, പ്രണയ ഭാവങ്ങളുടെ സൂക്ഷ്മതലങ്ങൾ പലതും ഈ കവിതകളിൽ വെളിപ്പെടുകയുണ്ടായി.

സംസ്ഥാനതല കവിതാമത്സരമെന്ന തലത്തിലാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും, പ്രവാസി മലയാളികളിൽ നിന്നും ശ്രേഷ്ഠങ്ങളായ അനേകം രചനകൾ മത്സരത്തിന് ലഭിക്കുകയുണ്ടായി. നവമാധ്യമങ്ങളുടെ സ്വാധീനമാണ് ഇവിടെ തെളിയിക്കപ്പെട്ടത്. ഷെയർ ചെയ്ത്, ഷെയർ ചെയ്തങ്ങനെ ലോകത്തിന്റെ ഏതു കോണിലും ഒരു അറിയിപ്പെത്തിക്കാൻ, ഓൺലൈനിൽ ഇടപ്പെടുന്നവർക്ക് നിമിഷങ്ങൾ മതിയാകുമല്ലോ. സംസ്ഥാനതല മത്സരം എന്ന കൂട് പൊട്ടുവാനും എന്തെളുപ്പം! ലോക മലയാള മത്സരങ്ങളാണ് നവമാധ്യമങ്ങൾ സംഘടിപ്പിക്കുന്നത്. ഈ മേഖലയിൽ സജീവ സാന്നിധ്യമാകുക എന്നതുതന്നെയാണ് വ്യാപാരകേരളം മീഡിയ പ്ലാറ്റ്ഫോമിന്റെയും പ്രവർത്തന ലക്ഷ്യം. പ്രഥമ വ്യാപാരകേരളം കവിതാ പുരസ്കാര ജേതാക്കൾക്കും മികച്ച രചനകളാൽ മത്സരം കാമ്പുള്ളതാക്കിയ മത്സരാർത്ഥികൾക്കും അനുമോദനങ്ങൾ.

**-സി.ആർ.രാജൻ,**

എഡിറ്റർ

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി.ആർ.രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

# വ്യാപാരകേരളം മാസിക

## പ്രഥമ കവിതാ പുരസ്കാര പ്രഖ്യാപനം

വ്യാപാരകേരളം നടത്തിയ കോവിഡ് കാലത്തെ ഈ കവിതാ മത്സരത്തിലെ പുരസ്കാര ജേതാക്കളെ പ്രഖ്യാപിക്കുകയാണ്. കനത്ത മത്സരമാണ് നടന്നത്. മികച്ച രചനകളുമായി 103 പേർ മത്സരത്തിൽ പങ്കെടുത്തു. കവിതയെ സംബന്ധിച്ച വലിയ പ്രതീക്ഷ തരുന്ന നവാഗത പ്രതിഭകൾ ഈ മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി. എല്ലാ മികവുകളെയും നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നുണ്ട്. ഒന്നിനൊന്ന് വ്യത്യസ്തമായ കവിതകൾ ധാരാളം വന്നിട്ടുണ്ട്. ജൂറി കമ്മിറ്റിയുടെ അന്തിമ പരിഗണനക്ക് ലഭിച്ച കവിതകളിൽ നിന്നാണ് ഫലപ്രഖ്യാപനം നടത്തുന്നത്.

**ഡോ. സി. രാവുണ്ണി**
(ജൂറി ചെയർമാൻ)

### ഒന്നാം സമ്മാനം



**ലക്ഷ്മി പി.**



**ആദി**

### രണ്ടാം സമ്മാനം



**നിഖിൽ തങ്കപ്പൻ**

### മൂന്നാം സമ്മാനം



**സ്റ്റെല്ല മാത്യു**



**ശാന്തി പാട്ടത്തിൽ**

### പ്രത്യേക പുരസ്കാരം



**അൽത്താഫ് പതിനാറുങ്ങൽ**



**കെ.വി. സുമിത്ര**


**അകത്താളുകളിൽ:** **പ്രണയഗീതങ്ങളുടെ പൂക്കാലം:** രാവുണ്ണി (പേജ് 4), **സമകാലികം:** ഫ്രാങ്കോ ലൂയിസ് (പേജ് 7), **റിഥം ഓഫ് ലൈഫ്:** തേജശ്രീ (പേജ് 10).

**കവിതകൾ പേജ് ക്രമം:** സപ്ന ചന്ദ്രശേഖർ (പേജ് 13), സോണി വർഗീസ് വാരനാട്ട് (14), അനിൽ തെക്കേടത്ത് (15), ശ്രീജ വിജയൻ (16), അജിത രാജൻ (17), ഹാജറ കെ.എം (18), എ.കെ.അനിൽകുമാർ (19), ജ്യോതിരാജ് തെക്കൂട്ട് (20), ശോഭ ജി. ചേലക്കര (21), നീതു കെ.ആർ. (22), ജ്യോതി അനൂപ് (23), ജോസ്സെ ലിയോൺസ് (24), ബീന പി.ജി (25), ഷഫീന സൈത്തൂൻ (26), ഷിബി നിലാമുറ്റം (27), ഷംസീന സിദ്ധിഖ് (28), ശ്രീല കെ.ആർ. (29), ഹരിദാസ് എം.യു. (30), യഹിയാ മുഹമ്മദ് (31), റിജേഷ് കാന്തള്ളൂർ (32), പ്രദീപ് എസ്.എസ് (33), പ്രമോദ് കുറുവാന്തൊടി (34), മുജീബ് റഹ്മാൻ കരുളായി (35).

**സമ്മാനാർഹമായ കവിതകൾ:** പേജ് 36 മുതൽ...

# പ്രണയഗീതങ്ങളുടെ പൂക്കാലം

**–വ്യാപാര കേരളം കവിതാ മത്സരത്തിന്റെ വായനാനുഭവം–**




രാവുണ്ണി

**പ്ര**ണയമില്ലാത്ത കാലമുണ്ടോ? പ്രണയമെഴുതാത്ത കവികളുണ്ടോ? ഒരു പ്രണയ ഗീതം മാത്രമെഴുതി കാവ്യജീവിതം അവസാനിപ്പിച്ചവരും ഒരാളെ കുറിച്ചുമാത്രമെഴുതി, ഒരാൾക്കായി മാത്രമെഴുതി തൂലിക താഴെ വെച്ചവരും ഉണ്ടല്ലോ.

ലോകത്തെവിടെ ഉണ്ടായതായാലും ഏതു കാലത്തേതായാലും യുവ മാനസങ്ങൾ പ്രണയ കാവ്യങ്ങളെ തേടിച്ചെല്ലുന്നു. വൈരാഗ്യമേറിയൊരു വൈദികനും വ്രതം മുറിയുന്നു. പ്രണയം വൃദ്ധരെ യുവാക്കളാക്കുന്നു. പ്രണയം ദരിദ്രരെ കുബേരരാക്കുന്നു.

കൈക്കുമ്പിൾ കൊണ്ട് എത്ര കോരിയെടുത്താലും കടൽ അതു പോലെത്തന്നെ നില്ക്കുന്നതുപോലെ, കോടാനുകോടി കവികൾ എഴുതിയെടുത്തിട്ടും പ്രണയം അതുപോലെത്തന്നെ അനാവിഷ്കൃതമായി പിന്നെയും നില്ക്കുന്നു. ഭാവിയിൽ പിറക്കാനിരിക്കുന്ന അനേകകോടി കവികൾക്ക് തുടർന്നും എഴുതിക്കൊണ്ടിരിക്കാൻ അനുഭവത്തിന്റെയും ആശയത്തിന്റെ യും അക്ഷയ ഖനി തുറന്നു വെച്ചുകൊണ്ട്. കവികളെല്ലാം ചേർന്ന് ഒറ്റക്കവിയായി മാറുന്നതു പോലെ . അനന്തകോടി പ്രണയ കവിതകൾ ചേർന്ന് ഒറ്റക്കവിതയായി തീരുന്നതുപോലെ . അങ്ങനെയൊരു ഒറ്റക്കവിതയുടെ അക്ഷരങ്ങളായി നമ്മുടെ എഴുത്തുകൾ മാറുന്നു.

എന്നിട്ടും ഈ കവിതകളെല്ലാം വേർതിരിഞ്ഞു നില്ക്കുന്നു. വ്യത്യസ്തത പുലർത്തുന്നു. 'നീയെൻ ചന്ദ്രനേ ഞാൻ നിൻ ചന്ദ്രിക' എന്ന മട്ടിലുള്ള പ്രണയമെഴുത്തൊക്കെ എന്നേ പോയി. പ്രണയം നിലാവോ പൂവോ അല്ല. തീക്കട്ട വിഴുങ്ങിയതു പോലെ പ്രണയികൾ പിടയുകയാണ്. കാണുന്നതിനും കേൾക്കുന്നതിനും അപ്പുറമെന്തോ ആണത്. അത്രമേൽ ഗുരുതരമാണത് എന്നതുകൊണ്ടാണ് പ്രണയം ഇനിയും എഴുതിത്തീരാത്തത്.



പ്രണയം എന്ന ഒറ്റ വിഷയം കൊടുത്ത് വ്യാപാര കേരളം മാസിക കവിതാമത്സരം നടത്താൻ ഒരുങ്ങിയപ്പോൾ ഒരേ വാർപ്പിലുള്ള കുറേ എഴുത്തുകൾ വായിച്ച് മടുക്കുമല്ലോ എന്നതായിരുന്നു എന്റെ വേവലാതി. കവികളാവട്ടെ, വലിയ ഉത്സാഹത്തോടെയാണ്  പങ്കെടുത്തത്. നൂറിൽപരം കവികൾ കൃതികളയച്ചു. പ്രാഥമിക പരിശോധനക് ശേഷം 21 കവിതകൾ പുരസ്ക്കാരനിർണ്ണയ സമിതിയുടെ മുമ്പിലെത്തി.

കവിതകളുടെ വൈവിധ്യമാണ് എന്നെ ആഹ്ളാദിപ്പിച്ചത്. ആൺമണങ്ങളും പെൺമണങ്ങളുമുണ്ട്. പരിചിത ശബ്ദങ്ങളും അപരിചിത ശബ്ദങ്ങളുമുണ്ട്. ഓരോ കവിയിലും പ്രണയം ഓരോ വസന്തമായിട്ടാണ് വിരിയുന്നത്. ഓരോ കവിയും സ്വന്തം മനസ്സിലാണ് തിരഞ്ഞലഞ്ഞത്.

പിണക്കം കൊണ്ട് ഇണക്കത്തെ അനുഭവിപ്പിക്കുകയാണ് ലക്ഷ്മി പി. ചെയ്യുന്നത്. നെല്ലിക്കകളുടെ കാലം എന്ന കവിതയിലൂടെ . കയ്പ്പു കൊണ്ടുണ്ടാക്കിയ കവിതയാണ് നെല്ലിക്ക. ദാമ്പത്യത്തിലെ പതിവുകലഹങ്ങളാണ് പ്രമേയം. മനസ്സിലടക്കാൻ ശ്രമിക്കുന്ന മനോവികാരങ്ങൾ പുറത്തു ചാടുകയാണ്.

ഇല്ല, ഞാൻ വരുന്നില്ല വിളിക്കാൻ
ഞാനങ്ങോട്ടു നോക്കുന്നില്ലെങ്കിലും
ഞാൻ പിടിവിട്ടെങ്ങും പോവുന്നില്ല
ഞാൻ നിന്നെ പിടി വിടാതേ പോവുന്നില്ല

എന്നിങ്ങനെ പിണക്കക്കാരനായ ഭർത്താവും വാശിക്കാരിയായ ഭാര്യയും തമ്മിലുള്ള പ്രണയ പരിഭവങ്ങളിലൂടെ വളരുന്ന കവിത അതിലളിതവും സുന്ദരവുമാണ്.

എന്റെ ഞാനേയെന്ന് ഉറക്കെ വിളിച്ച് കെട്ടിപ്പിടിയുന്ന കെതപ്പിന്റെ ശബ്ദമാണ് ആദിയുടെ കവിതക്ക് . അവനും അവളും ആണല്ലൊ ഇന്നോളം ഉണ്ടായിട്ടുള്ള പ്രണയ കവിതകളുടെ ഇഷ്ട കഥാപാത്രങ്ങൾ. ഇവിടെ അമ്മയാണ്. ഏതമ്മ എന്നല്ലെ . കറുത്തവൾ. തെറിച്ചവൾ – മെരുങ്ങാത്തവൾ. ഉടലുരസി ഉരസി തീ കൂട്ടുന്നവൾ.

അപ്പച്ചൻ മരിച്ചേപ്പിന്നെ
അമ്മ പ്രേമിച്ചിട്ടേയില്ല
എന്നു തുടങ്ങി
അല്ലേലും അപ്പച്ചൻ
മരിക്കും മുന്നെയും
അമ്മ ആണുങ്ങളെ
പ്രേമിച്ചിട്ടേയില്ല

എന്നവസാനിക്കുന്നതു വരെ നാം കാണുക ചെറുത്തു നില്ക്കുന്ന, പൊരുതുന്ന ഒരു സ്ത്രീയെ ആണ്. അതാണവളുടെ സൗന്ദര്യം. മണം പിടിച്ചു വരുന്നവരെയും തണപിടിക്കാൻ വരുന്നവരെയുമൊക്കെ ആട്ടിയോടിയുന്നവൾ. രൂപകല്പനയിലും ആവിഷ്ക്കാരത്തിലും വേറിട്ടു നില്ക്കുന്ന കിടിലൻ കവിതയാണ് ആദിയുടേത്.

ആത്മഹത്യ ചെയ്യുന്നൊരു കപ്പലിന്റെ കാമുകൻ എന്ന നിഖിൽ തങ്കപ്പന്റെ കവിത പാത്രകല്പനയിലും പ്രമേയത്തിലും പുതുമയുള്ളതാണ്. പേര് സൂചിപ്പിക്കുന്നതു പോലെ കപ്പലാണ് നിഖിൽ തങ്കപ്പന്റെ കവിതയിലെ കേന്ദ്രകഥാപത്രം. മത്സ്യങ്ങളുണ്ട്. കടലുണ്ട്.

ആറ്റു യാത്രക്കാരെ
ഉള്ളോടു ചേർത്ത്
ആഴങ്ങളിലേക്ക്
ആത്മഹത്യ ചെയ്യുന്നു
കപ്പൽ

ഉള്ളോടു ചേർത്ത ആളുകൾ എന്ന പ്രയോഗത്തിന് പല മാനങ്ങളുള്ള അർത്ഥം കണ്ടെത്താം. യത്രാമുറിയിലേക്ക് നുഴഞ്ഞു ചെന്നാൽ എണ്ണമെഴുക്കുള്ള കപ്പലിന്റെ ഹൃദയത്തെ പുണർന്നിരിക്കുന്ന ഒരു യാത്രികനെ കാണാം.

അവന്റെ
ജീവനുള്ള സ്നേഹം
കടലിന്റെ നിയമങ്ങൾക്കൊത്ത്
മീനുകൾ
കൊത്തിത്തീർക്കും മുമ്പ്
കപ്പലിനെ
നീലപ്പരപ്പിലേക്ക്
അവരുയർത്തിക്കൊണ്ടു വരുമെന്ന്
സുന്ദരമായൊരു സ്വപ്നം കാണുന്നു
താഴ്ന്നു താഴ്ന്നു പോകുമ്പോൾ
ഞാൻ

പ്രണയത്തിന്റെ ഉയിർത്തെഴുന്നേല്പിനെ സ്വപ്നം കാണുകയാണ് നിഖിൽ തങ്കപ്പൻ.

പെൺമണങ്ങൾ എന്ന സ്റ്റെല്ലാ മാത്യുവിന്റെ കവിതയിൽ പെൺമണം മാത്രമല്ല. ചേർമണവും ഞാർമണവും പെയ്ത്തുമണവും കൊയ്ത്തു മണവുമൊക്കെയുണ്ട്. മണങ്ങളുടെ ഒരു കവിതയാണെന്നും പറയാം.. അതോടൊപ്പം സ്പർശവും കാഴ്ചയുമുണ്ട്. വയനാടൻ ജൈവപ്രകൃതിയുടെ ആഴങ്ങളിൽ നിന്ന് പൊടിച്ചു വന്നവയാണ് സ്റ്റെല്ലാ മാത്യുവിന്റെ കവിതകൾ.

പാടത്തിൽ
അന്നിരുന്നു കണ്ട
ഞാറ്റു സ്വപ്നങ്ങൾ
ആഴങ്ങൾ
കിതപ്പിന്റെ ഉഴവുചാലുകൾ
ആത്മരതിക്കു മേൽ
അവളുടെ കവിത കൊയ്തിട്ട
വിത്തുകൾ
വെയിൽ വിയർപ്പിറ്റിൽ
നനഞ്ഞു താണു
സൃഷ്ടിയുടെ ചിറപ്പ് സ്വയം പിളർന്നു
ആദ്യ മുളയിലെ ഈറ്റു നാരുകൾ
നേരിന്റെ ഉൾപ്പരപ്പിലേക്ക്
കിനിഞ്ഞിറങ്ങി

ഹൃദയപ്പാടത്തെ പ്രണയത്തിന്റെ വിതയും പരിചരണവുമാണ് കവിതയിൽ. ഹൃദയഹാരിയായ ഒരു കാവ്യഭാഷ സ്റ്റെല്ല മാത്യുവിന് വശപ്പെട്ടിട്ടുണ്ട്.

ദ്വൈതത്തെ അദ്വൈതമാക്കലാണല്ലോ പ്രണയം. പ്രണയാദ്വൈതം എന്ന ശാന്തി പാട്ടത്തിലിന്റെ കവിതയിൽ പ്രണയിക്കുമ്പോൾ ദൈവവും മനുഷ്യനും പരസ്പരം സ്ഥാനം മാറുന്നു എന്ന മനോഹരമായ കല്പനയാണ്.

മനുഷ്യരെ ദൈവമാക്കണോ?
പ്രണയിച്ചോളൂ
ദൈവങ്ങളെ മനുഷ്യരാക്കണോ?
പ്രണയിച്ചോളൂ

അങ്ങനെയങ്ങനെ സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിലെ നൂൽപ്പാലത്തിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന കവിതയാണ് ശാന്തിയുടേത്.

ഏതു പ്രണയത്തെയാണ് കടൽ ഇത്രമാത്രം തണുപ്പിൽ പുതപ്പിച്ച് ഒളിപ്പിച്ചു വെക്കുന്നത് എന്ന ചോദ്യത്തോടെയാണ് അൽത്താഫ് പതിനാറുങ്ങലിന്റെ മുക്കുവന്മാരുടെ കത്ത് എന്ന കവിത തുടങ്ങുന്നത്.

ഇന്നും നീ
അകലെ നിന്ന് അലറിത്തിമിർത്ത്
അകത്തുള്ള പ്രണയത്തെ
പുറന്തള്ളാൻ നോക്കാറുണ്ട്.
അടുത്തെത്തിയാൽ
മദന മൊലിപ്പിച്ചു ഉൾവലിയാറുണ്ട്.

എന്ന് കടലിനെ വെളിപ്പെടുത്തുകയാണ് അൽത്താഫ്.

നിന്റെ മണൽപ്പരപ്പിൽ
ആൺ പ്രണയത്തിന്റെ പ്രതികാരവും
പെൺ പ്രണയത്തിന്റെ പ്രതീക്ഷയും
ആണും പെണ്ണുമായവരുടെ ഉൾവി ചാരവുമുണ്ട്

എന്നിങ്ങനെ ട്രാൻസ്ജെൻഡർ സഹോദരങ്ങളിലേക്കും കവിത കൺതുറക്കുന്നുണ്ട്.

എഴുതാക്കവിതയാണ് ജീവിതം എന്നാണ് സൂര്യമിത്രക്ക് സ്നേഹപൂർവ്വം എന്ന കവിതയിലൂടെ കെ.വി. സുമിത്ര പറയാതെ പറയുന്നത്.

സൂര്യമിത്ര,
നീയിപ്പോൾ ആവാഹിച്ചെടുത്ത
സമുദ്രത്തെ ഉള്ളിൽ
കടഞ്ഞെടുക്കുക

കാലാന്തരം
വരും തലമുറക്ക്
പേടിച്ചോരോന്നും
മുറവിളി കൂട്ടാനുള്ള
പായ്ക്കപ്പലാവാതിരിക്കുക

പകരം
ഉഷസ്സിൽ ജനിക്കുകയും
ജീവനോളം പ്രണയിച്ചോരുവളുടെ
നെഞ്ചിലെ മഴവില്ലായി വിടരുകയും
ചെയ്യുക
ഉമ്മകൾ വെച്ചുണർത്തിയെടുത്ത
സ്വപ്നങ്ങളുടെ കടമെടുപ്പിൽ
നീയെന്റെ എഴുതാക്കവിതയായി
മാറുക.

മത്സരത്തിനു വന്നതിൽ ഏഴു കവിതകളെക്കുറിച്ച് എഴുതാനേ ഇവിടെ കഴിഞ്ഞുള്ളു. നിശ്ചയമായും മികച്ച കവിതകൾ വേറെയുമുണ്ട്. പ്രണയമെന്ന വിഷയത്തെ വ്യത്യസ്ത തലങ്ങളിലേക്ക് അത്ഭുതകരമായി വികസിപ്പിച്ചെടുത്ത മികച്ച കവിതകൾ കാണാൻ കഴിഞ്ഞു എന്നതിലെ സന്തോഷം മറച്ചു വെക്കുന്നില്ല. കൊറോണ എന്ന മഹാമാരിയുടെ കാലത്ത് ഇങ്ങനെയൊരു കവിതമഴ പെയ്യിച്ച വ്യാപാരകേരളത്തെയും പത്രാധിപരായ എന്റെ സ്നേഹിതൻ സി.ആർ രാജനെയും അഭിനന്ദിക്കുന്നു.

●

# ബലിയാകുമോ മഹാബലി?



ഫ്രാങ്കോ ലൂയിസ്



**ക**ഞ്ഞിയിൽ പൂഴി വാരിയിട്ടതുപോലെയാണ് ഇപ്പോഴത്തെ അവസ്ഥ. ആരുടെ കഞ്ഞിയിൽ ആരാണു മണ്ണുവാരിയിട്ടതെന്ന് ആരും ചോദിക്കില്ല. പാത്രത്തിൽ പൂഴി വീണു കഞ്ഞികുടി മുട്ടിയവരും ആ കാഴ്ച കണ്ടവരും കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചവരുമെല്ലാമുണ്ട്. അവർ ലക്ഷോപലക്ഷങ്ങളാണ്.

'പൂഴി വാരിയിടൽ' വളരെ പഴഞ്ചൻ പഴമൊഴിയാണ്. കാലാനുസൃതമായി തിരുത്താം. അതിന്റെ വീക്ഷണകോണുകളിലും മാറ്റമാകാം. സ്വർണക്കള്ളക്കടത്തും ലൈഫ് മിഷനും വിമാനത്താവളവുമെല്ലാം പിന്നിട്ട് കോവിഡ് ഭീതിയിൽ മാസ്കിട്ടുവന്ന മഹാബലി അമ്പരന്നു. സെക്രട്ടേറിയറ്റിലെ തീപിടിത്തംവരെയുള്ള സംഭവ ബഹുലവും നാടകീയവുമായ കടമ്പകളും സമരവേലിയേറ്റങ്ങളും കടന്നായിരുന്നു ആ വരവ്. ആരും അന്തംവിട്ടുപോകും.

'ദെന്താപ്പദ് കഥ?'

മഹാബലി അറിയാതെ ചോദിച്ചുപോയതാണ്.

'ദീപസ്തംഭം മഹാശ്ചര്യം!' അതൊരു മറുപടിയായിരുന്നില്ല. ഒരാരവമായിരുന്നു, ജനക്കൂട്ടത്തിന്റെ ആർപ്പോവിളിപോലെ. അതു കേട്ട് മഹാബലി ചുറ്റുമൊന്നു നോക്കി. ഹൈമാസ്റ്റ് വിളക്കുകൾ തെളിഞ്ഞു നിൽക്കുന്നുണ്ട്. ശരിതന്നെ, ദീപസ്തംഭം മഹാശ്ചര്യം തന്നെ. തന്റെ ഭരണകാലത്ത് ഇതൊന്നും ഇല്ലായിരുന്നു.

ആ വെളിച്ചത്തിൽ മഹാബലി വേറേയും ചില കാഴ്ചകൾ കണ്ടു.

കോവിഡ് മഹാമാരി സ്വർണത്തളികയിലാക്കിയ അധികാര 'സ്വപ്ന'ങ്ങളിൽ കൊക്കുകൾ കൂട്ടത്തോടെ കാഷ്ഠിച്ചിരിക്കുന്നു.

'ച്ഛെ!'

മഹാബലി തുമ്മിയതാണോ.

ഏയ്, അല്ല. മുഖത്തു നവരസങ്ങളിൽ ഇല്ലാത്ത ഒരു ഭാവം പെട്ടെന്നു മിന്നിമറഞ്ഞു. ദയനീയതയും സഹതാപവും അതിലുണ്ടായിരുന്നു. പുച്ഛവും വെറുപ്പും അതിൽ ഒളിച്ചിരിപ്പുണ്ടെന്നാണു ചിലരെല്ലാം പറയുന്ന

ത്.

മഹാബലി തലപുകച്ചു. തന്റെ നാട് ആരോപണങ്ങളാൽ മലീമസമായിരിക്കുന്നു. കലഹമാണെങ്ങും. ജനം ഓണത്തെപ്പോലും മറന്നുപോകുന്നു. പ്രളയകാലത്തെ ഒരുമ കോവിഡു കാലത്ത് ഇല്ല. എല്ലാവരും സ്വന്തം ജീവൻ കാക്കാനായി ഉറ്റവരെ പോലും ആട്ടിയോടിക്കുന്നു.

എന്തെല്ലാമാണ് ഈ കാണുന്നത്? എന്താണിതിനെല്ലാം കാരണം?

പണം, അധികാരം, സ്വാർഥത. മഹാബലിതന്നെ അതു കണ്ടെത്തി.

മുമ്പ് പുതിയ ഭരണസമിതികൾ അധികാരമേൽക്കണമെന്നാണു ഭരണഘടനാ അനുശാസനം.

പഞ്ചായത്തുകളും നഗരസഭകളും കോർപറേഷനുകളും ഇപ്പോൾ പഴയകാല നാട്ടുരാജ്യങ്ങളേപ്പോലെയാണ്. എല്ലാം വെട്ടിപ്പിടിക്കാൻ മൂന്നു മുന്നണികളും അങ്കംവെട്ടും. നാട്ടുരാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ പണ്ടു യുദ്ധപ്പോരാളികളാണു പൊരുതിയിരുന്നത്. ഇന്ന് ജനാധിപത്യ പരിവേഷത്തിൽ അണികളെക്കൊണ്ടാണു പോരാട്ടം നയിക്കുന്നത്. വോട്ടെടുപ്പിലൂടെ പിടിച്ചെടുക്കാവുന്നതു പി



ഇനിയുള്ള രണ്ടു മാസം ജനമനസുകളെ ഉഴുതുമറിക്കും. സമരങ്ങളും പ്രചാരണങ്ങളും ന്യായീകരണങ്ങളും ഓൺലൈൻ യുദ്ധങ്ങളുമെല്ലാമായി എൽഡിഎഫും യുഡിഎഫും എൻഡിഎയും മാത്രമല്ല, അവയ്ക്കെല്ലാം പിറകേ മാധ്യമങ്ങളുമുണ്ട്. അവരെല്ലാം നടത്തുന്ന ഈ ഉഴുതുമറിക്കലും കാഷ്ഠിക്കലുമെല്ലാം ഒന്നടങ്ങണമെങ്കിൽ പഞ്ചായത്തു കാര്യത്തിൽ ഒരു തീരുമാനമാകണം.

അടുത്ത മാസം അവസാനത്തോടെ നടക്കാനിരിക്കുന്ന പഞ്ചായത്ത്, നഗരസഭാ തെരഞ്ഞെടുപ്പുകളുടെ വിധിയെഴുത്തിനുള്ള കളമൊരുക്കലാണ് ഇതെല്ലാം. നവംബർ 12 നു

ടിച്ചെടുക്കണം.

പാർട്ടി സംവിധാനത്തേയും അണികളേയും പിടിച്ചുനിർത്താനുള്ള അധികാര കേന്ദ്രങ്ങളുടെ ശ്രംഖലയാണ് പഞ്ചായത്തുകളും നഗരസഭകളും. മൊത്തം 21,908 ജനപ്രതിനിധികളെയാണു തെരഞ്ഞെടുക്കാനുള്ളത്. അത്രയും പേർക്ക് ഒരു പണിയാകും. പണിയല്ല, അത്രയും പേർ ഭരണാധികാരികളാകും.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 വാർഡുകളിലേക്കാണ് തെരഞ്ഞെടുപ്പു നടക്കാനിരിക്കുന്നത്. 87 നഗരസഭകളിലെ 3,122 ഡിവിഷനുകളിലേക്കും

ആറു കോർപറേഷനുകളിലെ 414 ഡിവിഷനുകളിലേക്കുമാണു തെരഞ്ഞെടുപ്പ്. തീർന്നില്ല, 152 ബ്ലോക്ക് പഞ്ചായത്തിലെ 2,079 ഡിവിഷനുകളിലേക്കും 14 ജില്ലാ പഞ്ചായത്തുകളിലെ 331 ഡിവഷനുകളിലേക്കും ജനപ്രതിനിധികളെ തെരഞ്ഞെടുക്കണം.

ഇങ്ങനെയുള്ള ഭരണ കേന്ദ്രങ്ങളെ പിടിച്ചെടുക്കുകയാണ് ഓരോ പാർട്ടിയുടേയും ലക്ഷ്യം. അതു നേടിയെടുക്കണമെങ്കിൽ ജനങ്ങളുടെ മനസിൽ മാസായി കയറിക്കൂടണം.

ജനുവരി മാസം അവസാനത്തോടെ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ പടരാൻ തുടങ്ങിയ കോവിഡിനെതിരേ പോരാട്ടം നയിച്ച് കൈയടി നേടിയ സർക്കാരാണു പിണറായി വിജയന്റേത്. പ്രളയകാല പ്രതിസന്ധികളിലെ ജനങ്ങളെ ഒരുമയോടെ രക്ഷാപ്രവർത്തകരാക്കിയ വിജയവും സർക്കാരിനു പൊൻതൂവലാണ്. പ്രളയ ദുരിതാശ്വാസ നിധി ചിലയിടങ്ങളിൽ സിപിഎം നേതാക്കൾ തട്ടിയെടുത്തെന്ന കേസുകൾ കോടതിയിലുണ്ടെങ്കിലും എൽഡിഎഫ് സർക്കാർ പ്രതിച്ഛായ മിനുക്കി നിൽക്കുകയായിരുന്നു.

അങ്ങനെയിരിക്കേയാണ് കോവിഡ് വച്ചടിവച്ചടി മുകളിലേക്കു കയറിവന്നത്. കോവിഡ് ഭീതിയിൽ അടച്ചുപൂട്ടിച്ചും പട്ടിണിക്കിട്ടും റേഷൻ നൽകിയും സംരക്ഷിക്കുന്ന സർക്കാർ. ചികിൽസയില്ലാത്ത രോഗത്തിനു വല്ലാത്ത മുന്നൊരുക്കങ്ങൾ. ദിനംപ്രതി സന്ധ്യാനേരത്ത് ആറുമണിക്കു കോവിഡ് സ്കോർ വിളംബരം ചെയ്ത് പ്രേക്ഷക സഹസ്രങ്ങളെ കൈയിലെടുക്കുന്ന ടെലിവിഷൻ ഷോ. ആരോഗ്യമന്ത്രി ശൈലജ ടീച്ചർ അമിതമായി ഷൈൻ ചെയ്യുന്നതു വിവാദമായ തക്കത്തിൽ ആ പണി മുഖ്യമന്ത്രി പിണറായിതന്നെ ഏറ്റെടുത്തു.

എല്ലാം കേമമായി നിൽക്കുമ്പോൾ പ്രതിപക്ഷത്തിനു സഹിക്കാനാവില്ല. അങ്ങനെ അസഹിഷ്ണുതയോടെ നിൽക്കുമ്പോഴാണ് തിരുവനന്തപുരം വിമാനത്താവളത്തിലെ സ്വർണം കള്ളക്കടത്തു പിടിച്ചത്. പിറകേ, ക്രമക്കേടുകളുടെ ഘോഷയാത്രതന്നെ പുറത്തുവന്നു. മുഖ്യമന്ത്രിയുടെ ഓഫീസതന്നെ എൻഐഎയുടെ നിരീക്ഷണത്തിലായി. ലൈഫ് മിഷനിലെ ക്രമക്കേടും വിവാദമായി. അതിനുമുമ്പേ കോവിഡ് രോഗികളുടെ വിവരശേഖരണത്തിനുള്ള സ്പ്രിംഗ്ളർ, ബെവ്കോ ആപ് ഇടപാടുകളും വിവാദമായിരുന്നു. തിരുവനന്തപുരം വിമാനത്താവളം അദാനിക്കു വിട്ടുകൊടുക്കുന്നതിനെതിരേ ജനവികാരം ഉണർത്തി. എന്നാൽ വിമാനത്താവളം ഏറ്റെടുക്കൽ സംബന്ധിച്ച നിയമപരമായ കൂടിയാലോചന നടത്തിയത് വിമാനത്താവളം ഏറ്റെടുക്കുന്ന അദാനിയുടെ ബന്ധുക്കൾ നടത്തുന്ന സ്ഥാപനത്തോടായിരുന്നു.

കള്ളക്കടത്ത് അടക്കമുള്ള ഇടപാടുകളുടെ പേരിൽ മുഖ്യമന്ത്രിക്കെതിരേ നിയമസഭിയിൽ അവിശ്വാസ പ്രമേയം വന്നു. പ്രതിപക്ഷത്തിന്റെ അര ഡസനിലേറെ ആരോപണങ്ങൾക്കു ഭരണപക്ഷ അംഗങ്ങൾ മറുപടി നൽകി. പ്രതിപക്ഷത്തെ കേരള കോൺഗ്രസ് ഭിന്നത മറനീക്കി പുറത്തുവന്നതും കണ്ടു.

ഇങ്ങനെയിരിക്കേയാണ് സെക്രട്ടേറിയറ്റിലെ പൊളിറ്റിക്കൽ, പ്രോട്ടോകോൾ വിഭാഗങ്ങളിൽ തീപിടിത്തമുണ്ടായത്. തീപിടിത്തമല്ല, തെളിവുകളും രേഖകളും കത്തിച്ചതാണെന്ന് യുഡിഎഫും ബിജെപിയും.

കോവിഡ് വിലക്കുകൾ ഗൗനിക്കാതെ സമര പരമ്പരകൾ. ലാത്തിച്ചാർജ്, ജലപീരങ്കി പ്രയോഗങ്ങൾ. സമരമുഖങ്ങൾ യുദ്ധക്കളമായി. ചോരയൊഴുകി.

എല്ലാം കണ്ടു മഹാബലി. താൻതന്നെ ബലിയായിപ്പോകുമോയെന്നൊരു ശങ്ക. പണ്ടു തന്നെ ചവിട്ടിത്താഴ്ത്തിയതിന്റെ ഓർമകളുമായി താരതമ്യം ചെയ്തുപോയി. നനഞ്ഞുപോയ കണ്ണുകൾ തുടച്ചു.

ജോലിയില്ല, കച്ചവടമില്ല, വരുമാനമില്ല, ഓണമില്ല. കോവിഡും വിലക്കുകളും മാത്രമേയുള്ളൂ. ജനക്കൂട്ടത്തിന്റെ മുറവിളി കേൾക്കാൻ കെൽപില്ല. തൃശൂർ പൂരം വെടിക്കെട്ടിന്റെ കൂട്ടപ്പൊരിച്ചിലിനു മുന്നിൽ കാതുപൊത്തി നിൽക്കുന്ന വെടിക്കെട്ടു കമ്പക്കാരനേപ്പോലെയാണ് നിൽപ്.

ഇനി മടങ്ങാം. ഈ യുദ്ധം തത്കാലം തീരില്ല. നാട്ടുരാജ്യങ്ങൾ പിടിച്ചെടുക്കുന്നതുവരെ പോരാട്ടം തുടരും. അതു കഴിഞ്ഞാൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനുള്ള അങ്കം.

●




# ഓർമകളിൽ പൂക്കളമിട്ട പാട്ടുകൾ




തേജശ്രീ

**കൊ**റോണക്കാലത്തെ കരുതലോണം പുതിയൊരനുഭവം സമ്മാനിച്ച് ഓർമയിലെ ഈണമായിരിക്കുന്നു. പത്തൊമ്പതെന്നുകൂടി പേരുള്ള വൈറസിന് ഒരു പൂവിന്റെ ഛായയുണ്ട്. ഇരുപതാമാണ്ടിൽ ഓണപ്പൂക്കളേക്കാൾ കളംനിറഞ്ഞത് കൊറോണപ്പൂവിതളുകളാണെന്നുറപ്പ്. വൈറസിനെ കുറ്റംപറഞ്ഞിട്ടെന്ത്! അതിനുണ്ടോ അത്തവും ഉത്രാടവും. ആകെയുള്ളത് അന്തമില്ലായ്മയല്ലേ!

ഓർമയും ഓണവും സുഗന്ധം നിറയ്ക്കുന്നത് മനുഷ്യനിലാണ്. പാട്ടിന്റെ കൂട്ടുവേണ്ടതും മനുഷ്യനാണ്. ഇതളടർന്ന് ഒഴുകിപ്പോയാലും, ഉണങ്ങിയൊടുങ്ങിയാലും പൂവ് അതിന്റെ നിറവും മണവും എവിടെയെങ്കിലും കാത്തുവച്ചിരിക്കുമെന്നാണ്. പാട്ടുകളുമതേ. എത്ര മറന്നാലും ഒറ്റകേൾവിയിൽ പാട്ട് നമ്മളെ അതിന്റെ വിസ്മയലോകത്തേക്ക് വിളിച്ചുകൊണ്ടുപോകും., കാറ്റ് അതിന്റെ മടിയിലിരുത്തി പൂവിതളിനെ കൊണ്ടുപോകുംപോലെ!



## നിത്യസുരഭി

പൂമണം പരത്തുന്ന ചില പാട്ടുകളിലേ



ക്കു വരാം.

ഏകാന്തപഥികന്‍ ഞാന്‍ എന്നു പേരിട്ട ആത്മകഥയില്‍ ഭാവഗായകന്‍ പി. ജയചന്ദ്രന്‍ ഓര്‍ക്കുന്ന പാട്ടുകളാണ്. ജോണ്‍സണ്‍ മാസ്റ്റര്‍ ഈണമിട്ടവയില്‍ തനിക്കേറ്റവും പ്രിയപ്പെട്ട പാട്ട് കൂടെവിടെ എന്ന ചിത്രത്തിലെ ജാനകിയമ്മ പാടിയ പൊന്നുരുകും പൂക്കാലം എന്നതാണെന്ന് അദ്ദേഹം പറയുന്നു.

പൊന്നുരുകും പൂക്കാലം
നിന്നെ കാണാന്‍ വന്നൂ
പൊന്നാട തളിരാട
കാണിക്കയായ് തന്നൂ...

നിത്യസുരഭി എന്നാണ് ജയചന്ദ്രന്‍ ഈ പാട്ടിനെ വിശേഷിപ്പിക്കുന്നത്. എന്നും സൗരഭ്യം പൊഴിക്കുന്ന ഗാനം.

പാട്ടിന്റെ ചരണത്തില്‍ ജോണ്‍സണും ജാനകിയമ്മയും ചേര്‍ന്ന് കാടിനെ താളലയങ്ങളില്‍ കാവടിയായിക്കുന്നത് എത്ര ചേതോഹരമായാണ്! ഇപ്പോഴും ഞാന്‍ കേള്‍ക്കാന്‍ ഇഷ്ടപ്പെടുന്ന ഒരു ഗാനമാണത്- ജയചന്ദ്രന്‍ എഴുതുന്നു.

പൂവാക കാടിനു പൊന്‍കുട ചൂടുകയും കാടാകെ കാവടിയാടുകയും ചെയ്ത പാട്ടാണത്. വാകപൂത്തുനില്‍ക്കുന്നത് കണ്ടിട്ടില്ലേ? എഴുത്തുകാര്‍ പറയും, വാക ഭ്രാന്തു പിടിച്ചപോലെയാണ് പൂക്കുകയെന്ന്! പരമമായ സത്യമാണത്. കാവടിയാട്ടമെന്ന അടുത്ത ഇമേജ്. പീലിക്കാവടിയേക്കാള്‍ മനസിലെത്തുക പൂക്കാവടിതന്നെ. ഒ.എന്‍.വി കുറുപ്പിന്റെ അതിസുന്ദരമായ വരികളാണ് പാട്ടിന്റെ കാതല്‍.

ഈ പാട്ടൊന്നു യുട്യൂബില്‍ എടുത്തു കേള്‍ക്കൂ. ഒരിക്കല്‍ കേട്ട് അതിലെ കമന്റുകള്‍കൂടി വായിച്ചുനോക്കൂ. പാട്ടിന്റെ ആ പൂക്കാലം ഒരിക്കല്‍ക്കൂടി തിരിച്ചുവരുമോ എന്നു ചോദിക്കുന്നുണ്ട് ചിലര്‍. ഈ പാട്ടിറങ്ങിയകാലത്ത് ജനിച്ചിട്ടുപോലുമില്ലാത്തവര്‍ ഇപ്പോള്‍ അതു കേട്ട് ആനന്ദിക്കുകയാണ്. കൂടേറാന്‍ എന്ന വാക്കിന് ജോണ്‍സണ്‍ മാസ്റ്റര്‍ ചാര്‍ത്തിക്കൊടുത്ത സംഗതി കേട്ട് അതുമായി പ്രണയത്തിലായവരുമേറെ!

## പൊന്നരളിയുടെ കളിചിരി

കാലംതെളിഞ്ഞു പാടം കനിഞ്ഞു

കള്ളിനിന്റെ കളിചിരിപോലെ...
പൊന്നരളിപ്പൂ നിരത്തി
പൊന്നോണം വിരുന്നുവരും
അരവയർ നിറവയറാകുമ്പോൾ
എനിക്കും നിനക്കും കല്യാണം...

ശ്യാമിന്റെ സുന്ദരമായ ഈണത്തിൽ ജയചന്ദ്രനും എസ്. ജാനകിയും പാടിയ യുഗ്മഗാനത്തിന്റെ വരികളാണ്. ഗ്രാമീണ സങ്കല്പങ്ങളും നാടൻ പ്രേമഭാവങ്ങളും കിനിയുന്നതാണ് ഈ പാട്ടെന്ന് ജയചന്ദ്രൻ എഴുതുന്നുണ്ട്. വളരെ ഗംഭീരം എന്നൊന്നും പറയാനാവില്ലെങ്കിലും ആർക്കും ഇഷ്ടമാകുന്ന പാട്ടുകളിലൊന്ന്. പൊന്നരളിപ്പൂ നിരത്തിയും തുമ്പപ്പൂ കൂനകൂട്ടിയും വിരുന്നുവരുന്ന ഓണവും അതിനു മുന്നോടിയായുള്ള കൊയ്ത്തും മനസിലേക്കു കൊണ്ടുവരുന്ന തെളിഞ്ഞവരികളാണ് ഇതിന്റെ ഭംഗിയെന്ന് അദ്ദേഹം പറയുന്നു.

മലയാളത്തിൽ ഏറ്റവുമധികം ഓണപ്പാട്ടുകൾ പിറന്നുവീണ ശ്രീകുമാരൻ തമ്പിയുടെ തൂലികയിൽനിന്നുതന്നെയാണ് ഈ പാട്ടിന്റെ വരവ്. ജയന്റെ ഇടിമുഴക്കം എന്ന ചിത്രത്തിലേതാണ് പാട്ട്.

നാട്ടിൻപുറത്തെ ഓല തിയേറ്ററിൽ മുന്നിൽ ബെഞ്ചിലിരുന്നു കണ്ട സിനിമ. അന്നൊക്കെ എന്ത് ആവേശമായിരുന്നു ജയന്റെ സിനിമകാണാൻ. അതൊരു കാലം.. ഇനി ഒരിക്കലും തിരിച്ചുകിട്ടാത്ത ബാല്യകാലം. ഓർക്കുമ്പോൾ എവിടെയൊക്കെയോ ഒരു വിങ്ങൽ. ഒരു കൊളുത്തിവലി... ഒരു നെടുവീർപ്പ്.. ഇനിയും ഈ കാറ്റിൽ തുഴയാൻ എത്ര ദൂരം- ഈ പാട്ടു നൽകുന്ന അനുഭവങ്ങളെക്കുറിച്ച് ഒരു കേൾവിക്കാരൻ യുട്യൂബിൽ കുറിക്കുന്നത് ഇങ്ങനെ. എത്രവലിയ പ്രപഞ്ചസത്യം!

എൺപതുകളിൽ മലയാള സിനിമയിൽ ഏറ്റവുമധികം പാട്ടുകൾ ചെയ്ത സംഗീത സംവിധായകനാണ് ശ്യാം. ബാലചന്ദ്രമേനോന്റെ രാധ എന്ന പെൺകുട്ടി എന്ന സിനിമയിൽ ശ്യാം ഒരുക്കിയ പാട്ട് ജയചന്ദ്രന് ഏറെ പ്രിയങ്കരമാണ്. അതിൽ വിടർന്നുനിൽക്കുന്നത് ഒരു കാട്ടുകുറിഞ്ഞിപ്പൂവാണ്. അതെ, കാട്ടുകുറിഞ്ഞിപ്പൂവും ചൂടി സ്വപ്നംകണ്ടു മയങ്ങും പെണ്ണ്! ലളിതം, ആർദ്രം, സുന്ദരം. ചിരിക്കാറില്ലാത്ത, ചിരിച്ചാൽ പൂങ്കുഴലിയാകുന്ന പെണ്ണ്.

അനായാസം ആർക്കും ആസ്വദിച്ചുപാടാവുന്ന പാട്ടായാണ് ജയചന്ദ്രൻ ഈ പാട്ടിനെ വിശേഷിപ്പിക്കുന്നത്. ആലപ്പുഴ ചിങ്ങോലിക്കാരനായ ദേവദാസാണ് ഈ പാട്ടിന്റെ വരികൾ എഴുതിയത്.

## കണ്ണാന്തളികൂടി...

ശ്യാംതന്നെ ഈണമിട്ട രണ്ടു പാട്ടുകളെക്കൂടി ജയചന്ദ്രൻ ഓർമയിൽനിന്നു കൊണ്ടുവരുന്നു. കാട്ടുകുറിഞ്ഞിയെ നേരത്തേ കേട്ടു.. കണ്ണാന്തളികൂടിയായാലോ?

കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും
കണ്ണാടി നോക്കും ചോലയിൽ...
മുങ്ങിവാ, പൊങ്ങി വാ..
മുന്നാഴി തൂമുത്തും കോരി വാ..
നീലപ്പൊന്മാൻ കുഞ്ഞുങ്ങളേ...

ബിച്ചു തിരുമലയുടെ വരികൾ, യേശുദാസിന്റെ ശബ്ദം. എന്തൊരനുഭവമാണ്! എന്തു സുന്ദരമായ ഭാവപ്രപഞ്ചമാണ്!!

ഉത്തരകേരളത്തിൽ പലയിടത്തും കണ്ണാന്തളിയുടെ പേര് ഓണപ്പൂവ് എന്നാണ്. തൃക്കാക്കരയപ്പനെ അണിയിച്ചൊരുക്കാൻ കണ്ണാന്തളിപ്പൂക്കൾ ഉപയോഗിക്കാറുണ്ട്. ഓണക്കാലത്ത് വിരിയുന്നതിനാൽ തന്നെയാകണം ഓണപ്പൂവ് എന്ന പേരുവന്നതും.


പൂക്കാലമിന്ന് കിനാവുകളിലാണ്. കെട്ടുപാടുകളില്ലാതെ പൂക്കളിൽനിന്ന് പൂക്കളിലേക്കു പറക്കുന്ന തുമ്പികളെപ്പോലെ മനുഷ്യന് ഇനി എന്നു പറക്കാനാവും?

അല്ലിമലർക്കണ്ണിൽ പൂങ്കിനാവും
ചെല്ലച്ചെറുമെയ്യിൽ പൂനിലാവും
കുഞ്ഞിക്കാലിൽ തൊടുന്ന മണ്ണ്
പൂ വിരിഞ്ഞു പുളകംകൊണ്ടു...

കാവാലത്തിന്റെ വരികൾ എസ്. ജാനകിയുടെ ശബ്ദത്തിൽ കേട്ട ഈ പാട്ടിൽ പറയുന്നതുപോലെ പുളകംതരുന്ന പൂക്കാലത്തിനായി കാത്തിരിക്കാം.. വരും, ആ കാലം. ഉറപ്പ്!

കവിത

# എന്റെ കൃഷ്ണനോട്



ഇന്നെന്റെ ചെമ്മൺകുടിലിലെ കൂരിരുൾ
തുമ്പിലായ്  നെയ്ത്തിരി നാളമില്ല
നാദങ്ങളില്ലെന്റെ മോഹമൺ വീണയിൽ
പാടി പുകഴ്ത്താൻ പദങ്ങളില്ല

ഇല്ലെനിക്കാർദ്രമാ മാനനം നിന്നെയെൻ
അന്തികത്തെത്തിച്ചു വേണുവൂത്താൻ
ഇല്ലാ വചന വിശേഷങ്ങൾ നിന്നെയെൻ
ചാരത്തു പൂരിത ബിംബമാക്കാൻ

ഇല്ലെനികത്യന്തം തൂമൃദു സ്മേരങ്ങൾ
ഇല്ലനുരക്ത കടാക്ഷിതങ്ങൾ
ഇല്ല സമ്മോഹിതമാകുന്ന പൂവുടൽ
നിന്നെ പരവശ തപ്തനാക്കാൻ


കൃഷ്ണാ......
നിൻ തേൻ മൊഴിത്തുണ്ടിനായ് നിൽക്കവേ
നീയെനിക്കെന്തേ മുഖം തരാത്തൂ ???
ഏറെക്കനിഞ്ഞു നീയേകിയ മാത്രകൾ
ഇന്നെന്റെയുള്ളിലുണർന്നു നിൽക്കേ

വീശുന്നു ഹൃത്തിലിന്നംഗാര വീചികൾ
നിന്നെ പിരിഞ്ഞുള്ള നൊമ്പരങ്ങൾ
ദൂരെയോ ? വാർമുളന്തണ്ടിലൊഴുകുന്ന
ചേലെഴും ശ്രീരാഗപല്ലവികൾ...

അഞ്ജനമില്ലാടയാഭയുമില്ലാതെ
അന്തികത്തെത്തുവാൻ വെമ്പിടുമ്പോൾ
ചാരത്തു കാണുന്ന ഗോപികമാരെന്നെ
ഏറ്റമുൾത്താപത്തിലാഴ്ത്തിടുന്നു

ഗ്രീഷ്മ താപത്തിനാലേറെ വിഷണ്ണയായ്
പുത്തിലഞ്ഞിത്തണൽ പൂകി നിൽക്കേ..
കാമ ശരനികരപ്രഹരത്തിനാൽ
കമ്പിത ഗാത്രിയായ് മേവി നിൽക്കേ..

അറിയുന്നതില്ല നീയെന്നിലെ മൂകമായ്
എരിയുമനുരാഗ  ചീന്തുകളെ..
അറിയുന്നതില്ല നീയെന്നിലെ മുറിവേറ്റു
വികലമായ് പൊലിയുന്ന സ്വപനങ്ങളെ .......



സപ്ന ചന്ദ്രശേഖർ





കവിത

# പ്രണയത്തിന്റെ വെള്ളാരങ്കല്ലുകൾ

മഴവില്ലുകൾ പൂക്കുന്ന
മലഞ്ചെരിവുകളിലേക്ക്
ഒരു കാറ്റിൻ ചിറകിലേറി
പായുമ്പോൾ
ഒപ്പം നീയുണ്ടായിരുന്നില്ല.
ഒടുവിൽ, കിതപ്പാറ്റി
ആകാശച്ചെരിവിൽ നിന്ന്
വർണ്ണപ്പൊട്ടുകളെ
എണ്ണിയെടുക്കുമ്പോൾ
എട്ടാമതൊരു വർണ്ണത്തിന്റെ
കുടയും ചൂടി നീ.

മൂടൽമഞ്ഞിലേക്ക് പറക്കുന്ന
ചുവന്ന പക്ഷിയുടെ ചിത്രം പകർത്തു
മ്പോൾ ഒപ്പം നീയുണ്ടായിരുന്നില്ല.
ഒടുവിൽ, പക്ഷിവേഗത്താൽ
ചിതറിപ്പോയ ഫ്രെയിമുകൾ
അടുക്കിയെടുക്കുമ്പോൾ
റോസാദളങ്ങൾ ചുണ്ടിലൊതുക്കിയ
വെൺപ്രാവിൻ മന്ത്രണമായ് നീ.

മഴത്തുള്ളികൾ വറ്റിപ്പോയ,
അലസതയുടെ ആ മുഷിഞ്ഞ
സായാഹ്നത്തിൽ
പുൽമേടുകളുടെ ആർദ്രതയിലേയ്ക്ക്
കണ്ണെറിഞ്ഞു കിടക്കവെ
മുടിയിഴകളെ തഴുകി,
മൂർദ്ധാവിലേക്ക് പടരുന്ന
സാന്ത്വനത്തിന്റെ ഹരിതാഭയായ് നീ.

ചില്ലകളിൽ നിന്ന് പൊഴിയുന്ന
വാലന്റൈൻ ശലഭങ്ങളായ് ഗുൽമോഹ
റുകൾ
നൃത്തം ചെയ്യുന്ന വഴികളിൽ,
നിശ്വാസങ്ങളുടെ ഉപ്പു കാറ്റേറ്റ്
കരിവാളിച്ച് ഞാൻ നിൽക്കവെ
അരികുകളിൽ ചന്ദനരേണുവിൻ
കുളിരാർന്ന്
എന്റെ കവിൾത്തടങ്ങളെ
പുൽകിയലയുന്ന പൂമ്പാറ്റച്ചിറകായ് നീ.

കാട്ടാറിന്റെ തെളിമയിലേയ്ക്ക്
വെള്ളാരങ്കല്ലുകൾ തേടി
എന്റെ ഖനനം തുടങ്ങുമ്പോൾ
പാറക്കൂട്ടങ്ങളുടെ കാഴ്ചവട്ടങ്ങളിൽ
നീയുണ്ടായിരുന്നില്ല.
ഒടുവിൽ, ഒഴിഞ്ഞ കൈക്കുമ്പിളുമായി
കരയിലേയ്ക്ക് നീന്തവെ,
വജ്രത്തിളക്കമാർന്ന്
മുന്നിൽത്തെളിയുന്നു.
ആഴങ്ങളിൽ നിന്നുണർന്നു
യരുന്ന രണ്ട് വെള്ളാരങ്കണ്ണുകൾ.
പ്രണയത്തിന്റെ നീരുറവകളിൽ
ഏറെ സ്ഫുടം ചെയ്തെടുത്ത
രണ്ട് വെള്ളാരങ്കല്ലുകൾ...



സോണിവർഗീസ് വാരനാട്

കവിത




# പ്രണയിക്കുവാനുള്ള എളുപ്പവഴികൾ

പ്രണയിക്കണം
എന്നു പറഞ്ഞ്
ജനലഴിയിലൂടെ പുറത്തേക്ക് തള്ളി നിൽക്കുന്ന
നിന്റെ കണ്ണുകൾക്ക് ആരുടെ നിറമാണ്

പുറംകാറ്റിൽ
വെയിൽ മങ്ങിയപ്പോൾ
അടുക്കളവാതിൽവഴി
മണംപിടിച്ചോരു പൂച്ചയെപ്പോലെ പതുങ്ങിയത് ആരുടെ പേരിലാണ്
അഴക്കോലിൽ താളംപിടിച്ച തുമ്പി.
വാഴത്തുടിപ്പിലൂഞ്ഞാലാടുന്ന  എട്ടുകാലിവല.
കിടക്കയിൽ മകൻ മതിയാക്കിയിട്ട ബിസ്ക്കറ്റിന്റെ മണം പിടിച്ചൊരുറുമ്പ്..
ഇതൊക്കെ നീ തന്നെയെഴുതിയ
പ്രണയ വരികൾ
തന്നെയാണ്.

ഒരു പുസ്തകത്തിൽ
പ്രണയവഴികളുടെ
കള്ളചതുരങ്ങൾ പൂരിപ്പിച്ചപ്പോഴാണ്
നിറങ്ങളുടേയും
പേരുകളുടേയും
ഇടയിൽ ഞാനൊറ്റപ്പെട്ടത്

ജനലഴിയിൽ
തുറിച്ചനിൽക്കുന്ന
കണ്ണുകളിൽ പ്രണയം തന്നെയായിരുന്നുവെന്ന്
അന്നുമുതൽ പഠിയ്ക്കാൻ തുടങ്ങി.



അനിൽ തെക്കേടത്ത്



# പ്രണയാക്ഷരങ്ങൾ

ആത്മകഥയുടെ
ഏതു ഖണ്ഡികയിലാണ് ഞാൻ.
കൈ കോർത്തു പിടിച്ചക്ഷര-
ങ്ങൾക്കിടയിൽ നീയെന്നെ
എന്തു ചെയ്തു?

കുറിച്ചിടുകയായിരുന്നോ..
വരച്ചിടൽ?
രേഖപ്പെടുത്തലോ ...
അതോ
സൂചിപ്പിക്കൽ മാത്രമോ

പൂ വിരിഞ്ഞ ചാരുത നിറയു-
മക്ഷരത്താൽ പണ്ടേ
 നീയെന്നെ
ബന്ധിച്ചതല്ലേ...'
അടയാളവാക്യമാക്കി
തിരിച്ചറിഞ്ഞതല്ലേ...
അളന്നു മുറിച്ച വാക്കുകൾ
അനവദ്യ സംഗീതമായി.

ഓരോ നോട്ടവും
പ്രണയത്തിൽ ഉത്സവങ്ങളായി
മൗനമായി പറഞ്ഞതൊക്കെയും -
സൂക്ഷിച്ചിരിക്കുന്നു ഞാൻ.

നീ, ഒന്നും മിണ്ടണ്ട
കൂട്ടത്തിൽ അടുത്തൊന്നിരുന്നാൽ മതി
മനസിലെ പൂമരം
പൂത്തുലഞ്ഞീടാൻ

വെറുതെ മിണ്ടീടാൻ
പറയാതെ പറയാൻ
എത്ര വഴി നടന്നു നാം

വഴികളനന്തമല്ലെന്ന്,
വിശാലങ്ങളെന്ന്
പറഞ്ഞതല്ലേ നീ

വിശാലമീ വഴിയിലൂടെ
നടക്കാനിനിയും ഞാനുണ്ട്
നിന്റെ പ്രണയാക്ഷരങ്ങൾ
ഒപ്പമുണ്ടെങ്കിൽ ...........



ശ്രീജ വിജയൻ

# നിനക്കു തെറ്റില്ല



എന്നിൽ കുമിയും
അത്യുഷ്ണ -
ത്തിലേക്കൊരു
പാൽമഴ ചൊരിയാൻ
നീയെടുക്കുമീ ഇടവേളയെൻ
പ്രണയത്തിൻ
നെരിപ്പോടും തൊടുന്നു...
കുളിർ മഴയുടെ പൂക്കൂടയുമായ്
ആമോദമോടെ
നീ വരുമ്പോൾ,
ഇത്തിരി വെട്ടവും ഒത്തിരി തണുപ്പുമായ്
ആനന്ദാനുഭൂതിതന്നശ്വത്തെയഴിച്ചുവിട്ടും,
തീകാറ്റിനാൽ തളർന്നു മയങ്ങും
സ്വത്വത്തിനു വർണ്ണചിറകേകിയും...
നിൻ സ്നിഗ്ധത ഇന്ദ്രിയങ്ങളിൽ
പടർന്നൊരു വിഘ്നേശ്വരനാകുമ്പോൾ,
ആ ധവള സാഗരത്തിൽ -
നീന്തിത്തുടിക്കണം പുലരുവോളം!
എന്നന്തരംഗം നഗ്നയാകും വരെ...
ഋതുക്കൾക്കേതിനും വഴിതെറ്റിയാലും
എത്തുമല്ലോനീയ്യെന്നരികിൽ സത്യമായ്
എന്നിലേക്കിത്തിരി ലയിക്കാനായ്...
ആഹർഷമഴയെന്നിൽ
സർഗ്ഗ ബീജങ്ങൾ നിക്ഷേപിക്കാൻ
ഉള്ളിലൊരൊത്തിരി കൊതി
കൗതുകം ലേപനം ചെയ്യുന്നു സദാ...!



അജിത രാജൻ

കവിത

# പ്രിയനോടൊരു വാക്ക് അവസാനമായി



ഹാജറ കെ എം



പ്രിയനെ
ഓർമപ്പെടുത്തട്ടെ
ദ്രവിച്ച ഹൃദയത്തിൽ
നീയുറങ്ങാതിപ്പോഴും,,,,,
കഥ പറയാൻ മറന്ന വസന്തവും
നിദ്ര കടമെടുത്ത് തിമർത്തു പെയ്ത
തുലാവർഷവും
എന്റെ നിറങ്ങൾ കവർന്നെടുത്തപ്പോഴും
വർണാഭമായൊരു നിലാപ്പെയ്ത്തിൽ
നീയെന്റെ ഉള്ളം ചുവപ്പിച്ചിരുന്നു,,,

നിദ്ര വിട്ടകന്ന ചില രാത്രികളിൽ
നീയെന്റെ മിഴികൾ നിറച്ചു വച്ച്
പൊയ്ക്കളഞ്ഞിട്ടുണ്ട്,,,,
നിന്നെ കൂട്ടിലടച്ചു വച്ച് വച്ചെന്റെ
ഉള്ളം പിളർന്നുതുടങ്ങിയിരിക്കുന്നു,,,
എന്റെ കാഴ്ചകൾ മങ്ങിത്തുടങ്ങിയിട്ടുണ്ട്,,,

എങ്കിലും നീ വരിക,,,
എന്റെ അവസാനകാഴ്ച നീയാവണം,,,
പഴയതുപോലെ എന്റെ കണ്ണുകളിലെ
പ്രണയത്തിളക്കത്തിൽ
നിനക്ക് സ്വയം ഉന്മാദിക്കാനാവില്ലെന്നറിയാം
നമ്മുടെ നിശ്വാസത്തിന്റെ പതിഞ്ഞ
ശബ്ദം കേട്ട് ആകാശം
കാതു പൊത്തില്ലെന്നറിയാം,,,,

പഴയതുപോലെ നിന്നെ ഉണർത്താൻ
ഇനിയെന്റെ മാറിടത്തിൽ പൂക്കളില്ല
ശുഷ്കിച്ച വിരലുകളിൽ നീ തൊടുമ്പോൾ
ഞാൻ വിറച്ചു എന്നു വരില്ല,,,,,
നിന്റെ ഉമിനീർപ്പൂക്കളാൽ
എന്റെ ചുണ്ടുകൾ പൊള്ളിത്തിമർത്തു
എന്നും വരില്ല,,,,

ഇനി ആരെങ്കിലും കാണുമോ
എന്നു ഭയപ്പെടേണ്ടതില്ലല്ലോ,,,,
അതിനാൽ ഒന്നു നീ വരൂ
ഈ പ്രണയിനിയുടെ
കാലപ്പഴക്കം ചെന്ന ഹൃദയത്തെ
ഒരു വേളയെങ്കിക്കും പ്രണയിച്ചു ചുവപ്പിക്കൂ,,,

അവസാനമായി എനിക്കൊന്നുറങ്ങണം
നിന്റെ മടിയിൽ കിടന്ന്
നിന്നെ നോക്കി നോക്കി
പിന്നെ ഉണരാതെ,,,,,,,,





# ഒരുത്തമ പ്രണയകാവ്യം



എ. കെ. അനിൽകുമാർ

പ്രണയത്തിന്റെ തീവ്രതയെക്കുറിച്ച്
അറിയണമെങ്കിൽ
ശത്രുരാജ്യത്ത്  തടങ്കലിൽ കഴിയുന്ന
സൈനികനോട് ചോദിക്കണം.

പ്രതീക്ഷവറ്റിയ ആ കണ്ണുകളിൽ
അപ്പോഴും ജ്വലിക്കും
മാതൃരാജ്യമെന്ന പ്രണയാക്ഷരം.

തലയ്ക്കുമുകളിലെ
കരിഞ്ഞുണങ്ങിയ
ചുവരുകൾക്കുമുകളിൽ
ശവപ്പെട്ടിപോലെ
നിർവികാരമായ കിളിവാതിലിലൂടെ
ഇടയ്ക്കെപ്പോഴോ കടന്നുവരുന്ന
ഉഷ്ണിച്ച ചിന്തകളോട്
അയാൾ ചോദിക്കും:

എന്റെ പ്രണയഭൂമിയിൽ
ഞാൻ വിതച്ച
സ്വപ്നത്തിൻ വിത്തുകൾ
തളിർത്തുപൂവിട്ടുവോ ?

ഭൂപടത്തിൽ എങ്ങോ മറഞ്ഞുപോയ
കലണ്ടർ താളുകളെ ഓർത്തുകൊണ്ട്
അയാൾ കൈവിരലുകളെണ്ണും:

എന്റെ പ്രണയപുഷ്പത്തിൻ
ഇതളുകൾക്കിന്നെത്ര വയസ്സായി?

ചങ്ങലവള്ളികൾ വരിഞ്ഞ
പാദവടുക്കലിൽ തഴുകി
അയാളുടെ ഹൃദയം തുടിക്കും:

എന്റെ പ്രണയാകാശത്തിൽ വിരിയുന്ന
മഴവില്ലിനെ കണ്ടവരുണ്ടോ?

ശത്രുരാജ്യത്തിലെ
കമ്പിയഴികൾക്കുള്ളിൽ
പൂത്തുതളിർക്കുന്നതാണ്
ഒരുത്തമ പ്രണയകാവ്യം.

# മഴനൂൽ വസ്ത്രം

കവിത



ജ്യോതിരാജ് തെക്കൂട്ട്

എന്നെയിങ്ങനെ വാരിപ്പുണരുവാൻ
സമാഗതമാവുക ധ്യാനമേ നീ ...
അനന്തമീ പ്രപഞ്ചസാഗരം
തീർക്കുവാൻ, നാദമാധുരിയിൽ
ആമന്ദം വരികയെന്നരികെ.
എന്നുള്ളിലൊരു തളിർനാമ്പു
മുളയ്ക്കുന്നു കവിതാഗംഗയൊഴുകുന്നു .

തോട്ടത്തിലിടതൂർന്നു നിൽക്കുന്ന
മന്ദാരപൂക്കളിൽ,
നെറ്റിത്തടത്തിലമർത്തിച്ചിതറി-
വീഴുന്ന പൊന്നിളം മുത്തുകൾ
മൈലാഞ്ചി വഴിയിൽ പുഴകളായ്,
പാതിരാപൂവിന്റെ മൗനമായ്,
എന്നെയിങ്ങനെ വാരിപ്പുണരുവാൻ
വരികയെന്നരികിൽ ആനന്ദമായ് .

മഴനൂൽ ചന്തമേ നീയെനിക്കിന്ന്,
ജലശയ്യയാലൊരു വസ്ത്രം തയ്ക്കണം.
മഴമന്ത്രധാരയാൽ പ്രണയാഗ്നി കായണം .

ക്ഷീണസാന്ദ്രമൊഴുകുന്ന
ജലപടർച്ചകളിൽ, പാതിരാ തോർച്ചയിൽ
ഹൃദയപാളിയിൽ തൊട്ട മൃദുലഭാവമേ ....
വന്നണയുക ഇഴച്ചേർത്തു നടത്തുവാൻ
എന്നെയിങ്ങനെ വാരിപ്പുണരുവാൻ.



# പ്രണയാഗ്നി

കവിത



ശോഭ ജി ചേലക്കര

പ്രണയതീരത്തണയുവാൻ മോഹമേ
ഇനിയെത്ര കാതമീ വഞ്ചിയുഴറണം?
ഉരുകിപ്പരക്കുന്ന
മൗനമേ നീയിന്നൊരായിരം
വാക്കിന്റെ താരാപഥം
ജീവന്റെ മൺവീണ
മീട്ടുവാൻ
കാറ്റിൻറെ മടിയിൽ
മിഴി കൂമ്പിയമരുവാൻ
സ്വപ്നാടനത്തിന്റെ
ശ്യാമതീരങ്ങളിൽ
മേഘമായ് നീയെന്നെ-
യിനിവന്നു മൂടുമോ?

കനലുചിന്തുന്ന കൺകളിൽ നീ കണ്ട
പൂങ്കിനാവുകൾ
കുങ്കുമസൂനങ്ങൾ
അഗ്നിശിലകൾ ജ്വലിക്കുന്ന ശയ്യയിൽ
നിനവുതേടുന്ന സ്പന്ദ
പ്രതീക്ഷകൾ
ഇരവു പകലിനോടെന്ന പോൽ നീയെൻറെ
പ്രണയ ഹൃത്തിൽ
കുടഞ്ഞ മന്ത്രങ്ങളും
മധുര മുന്തിരിച്ചാറിൻ
സുഗന്ധവും
സുകൃതമാക്കിയെൻ
ജന്മാന്തരങ്ങളെ
രക്തരശ്മി തുളക്കും
സിരകളിൽ ഏതു നദി തൻ പ്രവാഹമായ് ധന്യതേ
അഗ്നിയാളുന്നു
നൊമ്പരമൊക്കെയും
മൗന വൽമീകം
പൊട്ടിയുടയുമ്പോൾ

എട്ടുദിക്കുമിരുൾക്കാടുതേടുന്ന
നഗരവീഥി തൻ ത്വരിതപ്രയാണങ്ങൾ
ഉള്ളു കത്തിയമരും
നിരാശ തൻ
ചിന്ത തീർക്കും നെരിപ്പോടിനപ്പുറം
കരുതി വെക്കുവാൻ
നീയന്നു നൽകിയ
സ്നേഹലോല പരാഗരേണുക്കളിൽ
ഒടുവിലുറവു കിനിയുവാൻ വെമ്പുന്ന
കവിതയായൊരു
പുതുനാമ്പു നീട്ടിടാം.



കവിത

# പുഴയെടുത്ത സമസ്യകൾ

ഉടലിന്റെ ഓരോ അതിരിലും
വളവിലും തിരിവിലും
ഉയർച്ച താഴ്ചകളിലും
ചെമ്പരത്തിക്കാട് പൂക്കുന്ന
ജാലവിദ്യ ചുണ്ടിൽ
ഒളിച്ചു കടത്തി പരീക്ഷിച്ച
ആ ഒറ്റമുറി വീട്
പുഴയെടുത്തു..

നിന്റെ ശാസനയാൽ പെറ്റു പോയ
മനസ്സിന്റെ അപൂർണ ഗർഭം-
മഞ്ഞച്ച് കിടപ്പുണ്ടാകുന്ന
രേതസ്സുറ്റിയ കിടക്കയും
പുഴയെടുത്തു...

നിന്റെ കണ്ണിൽ
ഒളിച്ചു കളിച്ച കുഞ്ഞുങ്ങൾ
നിന്നെ കാണാതെ
കൊത്തം കല്ലാടിയ
കർക്കിടകപ്പുല്ലു പടർന്ന
ചരൽമുറ്റത്തിൽ



ഒറ്റ ദിനത്തിൽ
ഉറങ്ങി തീർന്ന ഒരായുസ്സിൻ
വിരസമായ ഭാവിയുടെ
വാചാലത തൂങ്ങി മരിച്ച
ഒട്ടു മാവും
പുഴയെടുത്തു...

നീ അറിയാത്ത രഹസ്യം
എഴുതിച്ചേർത്ത ആത്മകഥയുടെ
പതിനൊന്നാം അധ്യായം
ഒളിച്ചു വെച്ച
ഗുളികൻ തറയ്ക്കരികിൽ

വാക്ക് കുത്തിപ്പഴുത്ത
പുലരിയിൽ
അവസാന ഉപേക്ഷയിൽ
നീ കയറിപ്പോയ
അതിരാണിക്കുന്നും
പുഴയെടുത്തു...

നീ ശ്രദ്ധിക്കുന്നുണ്ടാവില്ലാ...
സ്വതവേ ഉള്ള അശ്രദ്ധയാൽ
പുറ്റ് മൂടിയ നിന്റെ കുഴിമാടവും
പുഴയെടുത്തു
പുഴയെടുത്തു പോയ നമ്മുടെ
ജീവിതസമസ്യയിലെ
ഈ അവസാന കുറിപ്പും
പുഴയെടുക്കുന്നു...



നീതു. കെ. ആർ.



കവിത

# പ്രണയാതുരം



**ജ്യോതി അനൂപ്**

ഇനിയും വിരിയുവാനൊരു ഗാനമെൻ
സാന്ദ്രമൗനത്തിലടയിരിക്കുന്നു
കൃഷ്ണ നിനക്കായ് ഞാനതു
കരുതിവെയ്ക്കുന്നു
നിൻ മിഴിയിണകളരുളിയ സമുദ്ര സൗന്ദര്യമെൻ
ഹൃദയാക്ഷരങ്ങളാലതിൽ വരച്ചു ചേർക്കും
കടലാഴങ്ങൾ കവർന്നെടുത്ത ചിപ്പികളതിൽ
ഞാനണിയിച്ചൊരുക്കും !


നിന്റെ ഗാനമെന്നിൽ വിരിയിച്ചൊരായിരം
മയിൽപ്പീലി വർണ്ണങ്ങളതിൽ ചാലിച്ചെഴുതും
നീ ചൊല്ലിയ പ്രണയം ആയിരം
നാമാക്ഷരങ്ങൾ തീർത്ത ലിപികളാൽ
ഞാൻ കോറിയിടും
എന്നിൽ ഘനീഭവിച്ച നിന്നോർമ്മകൾ
ഹരിതാഭയോടെ ഞാനതിൽ
കൊരുത്തുവെയ്ക്കും
ശ്രുതിമധുരമൊരീണം അതിലെൻ തൂലികയാൽ
ഞാൻ കൊത്തിവെയ്ക്കും !

നീയെനിക്കിനിയുമൊഴുകിത്തീരാത്ത ഗാനധാര
ഇനിയും വരച്ചു തീരാത്ത ഛായാപടം
ഇനിയുമാലേഖനം ചെയ്യപ്പെടാത്ത
വരകളിലെ സൂര്യൻ ........!
പ്രിയനേ നീ മടങ്ങിയ സാന്ധ്യരാവിൽ
ഇരുൾവീഥിയിലേകയായ് തപ്തയായ്
കേണുരുകിയ നേരവും
എൻ പ്രണയം നിന്നിലമൃതവർഷമായ്
ഊർജധാരയായ്
മാത്രമൊഴുകുവാനാശിച്ചവൾ രാധ !

പ്രണയമേ നീ മടങ്ങുക
എന്നിലേക്കെന്നോതാതെയാ വിരഹവീഥിയിൽ
സ്വയമഗ്നിയായ് എരിഞ്ഞു തീർന്നവൾ രാധ!
നിനക്കായ് ഞാനതുകരുതിവെയ്ക്കുന്നു
ഇനിയും വിരിയുവാനൊരു
ഗാനമെൻ സാന്ദ്രമൗനത്തിലടയിരിക്കുന്നൂ ........!

# ക്യാമറകണ്ണുകൾ

അതിവിദൂര കാഴ്ചയിൽ മനുഷ്യരും മൃഗങ്ങളും;
വിദൂര കാഴ്ചയിൽ കറുമ്പനും വെളുമ്പനും;
ദൂരക്കാഴ്ചയിൽ സ്ത്രീയും പുരുഷനും;
നേർക്കാഴ്ചയിൽ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും;
ഉൾക്കാഴ്ചയിൽ ഒരു പ്രതിബിംബം മാത്രം.
ദീപക്കാഴ്ചയിൽ തിളങ്ങുന്ന മനുഷ്യർ;
പട്ടണ കാഴ്ചയിൽ ബഹുനില മന്ദിരങ്ങൾ.
ഗ്രാമ കാഴ്ചയിൽ ബഹുനില മനുഷ്യർ.
സൂക്ഷ്മ ദർശനിയിൽ അവനും അവളും ശരിയല്ല.
കണ്ണാടി കാഴ്ചയിൽ ഞാൻ ശരി മാത്രം;
കണ്ണാടി മിനുക്കിയാൽ മങ്ങിയ മുഖമോ?
അത് കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ടിട്ടോ?
അതോ, കണ്ണാടിക്ക് തിളക്കം നഷ്ടപ്പെട്ടിട്ടോ?





ജോസ്സെ ലിയോൺസ്

കവിത

മൗനം കരിപിടിപ്പിച്ച
ജാലകങ്ങൾക്കപ്പുറം
നീ കൊളുത്തി വെച്ച ആകാശം
എന്നെ മോഹിപ്പിക്കുന്നു.

ഊരിവെച്ച ചിറകുകൾ ഒരിക്കൽ
കൂടി അണിയുകയാണ് ഞാൻ
പകൽ വറ്റിച്ചെടുത്ത മേഘക്കടലിൽ
നിനക്കൊപ്പം നീന്തിത്തുടിക്കാൻ

വെയിൽ വരമ്പിനപ്പുറത്തെ
ആകാശച്ചെരുവിൽ
നക്ഷത്രങ്ങളെ മുളപ്പിക്കാൻ
നിന്റെ നെഞ്ചിന്റെ ചൂടിൽ
സ്വപ്നങ്ങളെ അടവെച്ച് വിരിയിക്കാൻ

ഊരിവെച്ച ചിറകുകൾ ഒരിക്കൽ
കൂടി അണിയുകയാണ് ഞാൻ.

അതിരുകളില്ലാത്ത ഭൂപടങ്ങളിൽ
പ്രണയവസന്തങ്ങൾ തീർക്കാൻ
ഒരേ ചിറകടിയിൽ ഇല വെളിച്ചങ്ങ
ളുടെ  പൂമരക്കാടുകൾ തീർക്കാൻ
നിലാവിലകളിൽ ഒളിച്ച്
മഴനൂലുകളിലെ തേൻ നുകരാൻ .
ഞാനറിയാത്ത എന്നിലെ
മോഹങ്ങളെല്ലാം
ചിറകുവിരിക്കുകയാണ്
പ്രണയാകാശങ്ങളിലേക്ക്



ബീന പീ.ജി.

# പ്രണയസ്വപ്നങ്ങൾ





# പ്രണയം



കവിത

വശ്യ വിസ്മയ കാവ്യ ശിലപോൽ
തനുവിന്റെയോരോ അണുവിലും
ആളിപ്പടർന്നേറ്റം വരികളായടരുവാനൊരു
രചയിതാവിനു പ്രണയനൈവേദ്യമായ്
ഇന്ദുനിലാവിന്റെ ചന്ദനമുണ്ണുന്ന ഇണ
ചകോരംപോൽ കൊക്കുരുമ്മി
കൊഴിഞ്ഞൊരാ സ്മൃതികൾതൻ
നിറമുള്ള തൂവലിൽ
നഷ്ടങ്ങളെണ്ണിപ്പെറുക്കിടാതെ
ചുരുൾമുടികെട്ടിലൊരായിരം മോഹന
രാത്രിതൻ നിഗൂഢതയൊളിപ്പിച്ചു
ചുമ്മാതെ, യറിയാതെ
തടവിലാക്കിക്കൊണ്ടേ
പക്ഷങ്ങളരിഞ്ഞൊന്നും വീഴ്ത്തിടാതെ
ഗഗനചാരിയാ, യലയുമൊരു പഞ്ചമം
പാടുംപക്ഷി കണക്കെ കാല
ചക്രയുശസ്സിൽ സ്മിതം തൂകി സങ്കൽപ്പ
സൗധത്തിലേറിയ മൂർച്ഛയിൽ
തരളിതമാക്കണമെൻ മാനസം!
ഭൂതത്തിലൊരുനാളന്ത്യമാം
ആഗതമന്നെന്റെ മൂക്കുത്തിയാരു,
മഴിച്ചിടാതെ
സ്വപ്നങ്ങൾതൻ വെട്ടമേറെയുണ്ടതുമായി
പോകേണ, മെനിക്കെൻ പ്രണയലോകം!
തമസ്സിന്റെ, അന്ത്യത്തിൽ
ഉടലിട്ടലതപോലെൻ കായവും
പ്രണയത്തെ പുൽകുന്ന തരുവായ്
ശ്യാമ, മുരുക്കിയൊഴിച്ചെന്റെ,
യിരവുകളത്രയും മധുപോലെയാകുകിൽ
സ്വപ്നങ്ങ ളെത്രയോ സുന്ദരം! മോഹനം!!



ഷഫീന സൈത്തൂൻ

# പ്രണയകാലങ്ങൾ



ഷിബി നിലാമുറ്റം

ഓർമ്മത്തുരുത്തിലെ പ്രണയപുഷ്പങ്ങളായ്
നമ്മൾ വിരിഞ്ഞൊരാ  പൂക്കാലരാവുകൾ
ഓർത്തുവെയ്കാം നമുക്കൊറ്റ മോഹത്തരു
ചില്ലമേൽ തളിർനാമ്പുപോൽ  മൽസഖേ...

കോർത്ത കൈവിരൽ തീയുമ്മയാൽ നെഞ്ചിൽ
ചേർത്ത ഹൃദയരാഗങ്ങളിൽ നമ്മൾ
വീണമീട്ടി കിതച്ചു നാമൊട്ടിയ
നേരമൊന്നുകൂടോർത്തിടാമെൻസഖേ..

താരക പൂക്കൾ പൊട്ടിച്ചെടുത്തു നീ
താലിയാക്കിയെൻ മാറിൽ തിളക്കവേ
പാർവണേന്ദു പൊഴിച്ച നിലാക്കളിൽ
നാം മയങ്ങിയതെത്ര കിനാക്കാലം..

വെയിലിന്നാഴം തിളച്ചിറങ്ങുമ്പോഴും
തണലു തേടി നാം നിഴലാൽ പരസ്പരം
വരിക ദൂരെ ചിറകിലേറി പോകാം
ഒറ്റയാകാശത്തിലൊന്നായി പറന്നിടാം...


പ്രണയസാഗര തിരയിൽ നമുക്കിനി
ഉപ്പുകാറ്റുകൾക്കൊപ്പം കുതിച്ചിടാം
തരള ഗാത്രമായ് സ്മേരമോഹങ്ങളായി
ശംഖിനുള്ളിലെ ഗാനമായി തീർന്നിടാം..

നീണ്ട സഞ്ചാര പാതയിൽ നമ്മളിന്നൊറ്റ
നിഴലായ് കടപ്പെട്ട യാത്രികർ
നീറി വീഴുന്ന വിയർപ്പിൻ കണങ്ങളെ
ഒറ്റമെയ്യാൽ പങ്കിട്ടെടുത്തവർ..

പ്രണയരാവിന്റെ മാറിലൊട്ടികിടന്നെത്ര
രാമഴ നാം നനഞ്ഞോർക്കുമോ
ഒറ്റ ദൂരങ്ങളൊക്കെ കിനാക്കളിൽ
ചേർത്ത് വച്ചെത്ര സന്ധ്യകൾ പിന്നിട്ടു..

എത്ര മഞ്ഞു കാലങ്ങളിൽ നമ്മൾ
ഒറ്റ നെഞ്ചിന്റെ ചൂടായി അമർന്നുപോയ്
കൊക്കുകോർക്കുന്ന വേവുകളോരോന്നും
ആർദ്ര ചുംബനപ്പാടാൽ മറന്നു പോയ്..

നോക്കി നോക്കി നാം ഒറ്റക്കനങ്ങളായ്
നോവുപൊട്ടിച്ചെടുത്തെറിഞ്ഞില്ലേ
പ്രണയകാലങ്ങളോർത്തുവെക്കാനൊറ്റ
ജീവരാഗമായി തീർന്നിരുന്നില്ലേ...



കവിത



# അവശേഷിപ്പ്

പ്രണയത്തിന്റെ പഴമയുള്ള
ഇടനാഴിയിൽ വെച്ചാണ്
നമ്മുടെ ഹൃദയങ്ങൾ ഭോഗിച്ചത്
ചുവപ്പ് സിരകളിൽ ചൂട് പടർത്തിയ
ഭ്രമാവസ്ഥയിലാണ് നിന്റെ പ്രണയ -
ബീജത്തെ ഞാനെന്റെ ഹൃദയോദരത്തിൽ
പേറി തുടങ്ങിയത്
നീയേകിയ വാക്കിന്റെ മധുരവും
സ്നേഹത്തിന്റെ തെളിനീരുറവയും
പ്രതീക്ഷയുടെ പൊക്കിൾകൊടിയിലൂടെ
പകർന്നൂട്ടിയപ്പോൾ വളരുകയും
ചലിക്കുകയും ചെയ്ത ഭ്രൂണം
ആവിഷ്ക്കാരത്തിന്ന് തൊട്ട് മുമ്പാണ്
വിശ്വാസത്തിന്റെ ചതിപ്പുകയേറ്റ്
പിടഞ്ഞ് മരിച്ചത്
കാത്തിരിപ്പിന്നന്ത്യത്തിൽ
ചാപ്പിള്ളയായ പ്രണയത്തെ
പുറം തള്ളിയതിന്റെ പേരിൽ
എന്റെ ഹൃദയോദരമിപ്പോൾ രക്തം വാർന്ന്
മരവിച്ചിരിക്കുന്നു...



ഷംസീന സിദ്ധീഖ്

കവിത



# പക്വഫലം!

ഒരേ മുറിയ്ക്ക് ഒത്ത നടുവിലായി
അവർ പണിതുയർത്തിയ
വൻമതിലിന്
വിള്ളലുകൾ വീഴ്ത്തി
ഒരു ഒളിഞ്ഞുനോട്ടം
അവൾ എയ്തു വിട്ടത്
ഓർമ്മകൾ ഓടിയെത്തി
അവളുടെ സാരിത്തുമ്പിൽ
പിടിച്ച് തൂങ്ങിയപ്പോഴാണ്.

ഇരുവരും പരിഭവങ്ങളുടെ
ബലൂണുകൾ ഒന്നൊന്നായി മത്സരിച്ചു പൊട്ടിച്ചു.
യൗവ്വനത്തിന്റെ പടികൾ
പിന്നിൽ മാഞ്ഞു മറഞ്ഞതു കണ്ട്
ഇരുവരും നെടുവീർപ്പിട്ടു.
പരസ്പരം കരങ്ങളിൽ തലോടി ......

പക്വമായ ഫലത്തിന്റെ
മധുരിമയോടെ
വെറ്റില താമ്പാളത്തിൽ
നിരത്തിയ ഓർമ്മകളുടെ
തളിർ വെറ്റിലകൾ
പ്രണയ നൂറുതേച്ച്
കരുതലിന്റെ അടയ്ക്ക യോടൊപ്പം .....
മുറുക്കി ഉമ്മകൾ കൊണ്ട്
ചുവപ്പിച്ച് വാർധക്യത്തിന്റെ
വരാന്തയിലേക്ക്
കാലും നീട്ടി .....

ഒരേ ഇഷ്ടത്തോടെ
ഒരേ നെടുവീർപ്പോടെ
ഒരേ പ്രണയക്കുളിരോടെ
ഒരേ നോവുകളോടെ
കണ്ണുചിമ്മാൻ പോലും മടിച്ച്
അവർ ജീവിതത്തിന്റെ സുഗന്ധങ്ങൾ
പെറുക്കിയെടുത്ത്
ഒരു മാല കോർത്തെടുത്തു .



ശ്രീല. കെ.ആർ

കവിത

# വേവുനിലം

വെയിലുകൊള്ളേണം
നോവുമാത്മാവിൻവേദന
തെല്ലറിയാൻ

ഉണർന്നെനീക്കേണം
കനവ്ചൂഴ്ന്നെടുത്ത്
ഇരുളിൽഞാൻകോർത്ത
മാലകൾചൂടുവാൻ

അടർന്നുവീഴേണം
അത്രദൂരത്തിൽ
നിന്നിലേക്കാഴ്ന്നിറങ്ങിയ
ഹൃദയവേരുകളെ
തൊട്ടറിയാൻ

വന്നെത്തിനോക്കേണം
എന്റെമൗനങ്ങളിൽ
നീയൊഴുകിയെത്തുന്ന
പകലുകൾ
നിന്നുകത്തുന്നത്

ഇത്രനേരം
കാത്തിരുന്നിട്ടും
എന്റെവേവുനിലങ്ങളിൽ
നിന്റെ കണ്ണുകളുടക്കിയില്ല.



ഹരിദാസ് എം. യു.



കവിത



# ഒരു ലാബ് ടെക്നീഷ്യയുടെ പ്രണയ ചിന്തകൾ



യഹിയാ മുഹമ്മദ്

അവളു പറഞ്ഞാണ്
ഞാനറിഞ്ഞത്
പ്രണയം
വൈറസാണെന്ന്
അത്
മനസ്സിൽ നിന്ന് മനസ്സിലേക്ക്
പടരുന്ന
പകർച്ചവ്യാധിയാണെന്ന്

സ്ഫോടകവസ്തുക്കളിൽ,
ബോംബുകളിൽ,
കത്തി കഠാര
പേനകളിൽ
ഇന്നാ വൈറസ്
കരിമരുന്നാണെന്ന്

സ്കൂളുകളിൽ
കോളേജുകളിൽ
ഫാമിലികളിൽ
മൊബൈലുകളിൽ
കമ്പ്യൂട്ടറുകളിൽ
പടർന്നു പിടിച്ചത്
ഇതേ വൈറസാണെന്ന്

അവളുടെ
ടെസ്റ്റ്യൂബിൽ
എന്റെ ഹൃദയത്തിന്റെ ചുകപ്പും
പ്രണയത്തിന്റെ ആഴവും
മനസ്സിന്റെ ഗാഢതയും
സൂത്രവാക്യങ്ങളിൽ
രാസവസ്തുക്കളിൽ
തിരിച്ചും മറിച്ചും പരിശോധിച്ചു

ബസ്റ്റോപ്പുകളിൽ
കോളേജ് വരാന്തയിൽ
സ്കൂൾ ഗ്രൗണ്ടിൽ
ഇപ്പോൾ ഇതാ ഇവിടെ
ഈ ആശുപത്രിക്കുള്ളിൽ
അവൾ പറഞ്ഞു:

'യുവർ സിറ്റുവേഷൻ
വെരി സീരിയസ് '

നിങ്ങളുടെ മനസ്സിൽ
മസ്തിഷ്കത്തിൽ
കരളിൽ
ശരീരമാസകലം
ഈ വൈറസ് പടർന്നു
പിടിച്ചിരിക്കുന്നു.

'നിങ്ങൾ ഒരു മാറാരോഗിയായിരിക്കുന്നു



# പ്രണയം നിലവിലില്ലാത്ത ഒരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ

കവിത

രണ്ടാണുങ്ങൾ തമ്മിൽ
പ്രേമിക്കുമ്പോൾ
അംബരചുംബികളായ രണ്ടു കെട്ടിടങ്ങൾ
ചന്ദ്രനെ തൊട്ട് തീ പാളിച്ച്
രണ്ടു പുകയെടുക്കുന്നത് പോലെ തോന്നും

രണ്ടാണുങ്ങൾ തമ്മിൽ
ഉമ്മ വെച്ച്
സ്നേഹത്താൽ ഉൾപുളകം കൊള്ളുമ്പോൾ
സദാചാരം പറയുന്നവരേ,
കണ്ണിൽ മഞ്ഞ കേറി
നാവു കൊണ്ട് മലം തുപ്പുന്നവരേ,
നിങ്ങൾക്കു നേരെ
വാക്കുകളുരഞ്ഞ് തെറിക്കാറ്റു വീശും

രണ്ടു കട്ടനെടുത്ത്
ദാ ദിങ്ങനെ
ചിയേർന്ന് പറയുമ്പോഴുണ്ടല്ലോ
ഉന്മാദങ്ങളുടെ ശരശയ്യയിൽ
ചടുല നൃത്തം ചെയ്യുകയായിരിക്കും അവർ
ആ അരണ്ട വെളിച്ചത്തിലിരുന്ന്
നീയുണ്ടായിരുന്നല്ലോ
നീയുണ്ടെന്നായിരുന്നല്ലോ
ഞങ്ങൾ ഞങ്ങളാവുന്നെടീ എന്ന് കൂവും

അതിരാവിലെ മലയുടെ
ഉച്ചിയിൽ ചെല്ലും
സന്ധ്യ മൂക്കുമ്പോൾ
വട്ടത്തിൽ ചോന്ന് കൂർത്ത സൂര്യനെ
തിരമാലകളിൽ ചവിട്ടി നിന്ന്
കണ്ണുകൊണ്ട് തൊടും
ചങ്കിലേക്ക് വലിച്ചടുപ്പിക്കും

ഓട്ടത്തിനിടയിൽ
ഹൃദയം ഒന്ന് പകച്ച് നിൽക്കുമ്പോൾ
അത് വിട്ടു കള മൈരേന്നും പറഞ്ഞ്
പൊറാട്ടേം ബീഫും കഴിച്ച്
പരസ്പരം ധ്വജപ്രണാമം പറയും
തണുത്ത കഞ്ഞി വെള്ളം കുടിക്കും

രണ്ടാണുങ്ങൾ തമ്മിൽ പ്രേമിക്കുമ്പോൾ
രണ്ടു ഗുൽമോഹർ
മരങ്ങളെ പോലെയാണ്
ഒരു വേരിൽ നിന്നുയർന്ന്
ഉച്ചയിലേക്ക് പന്തലിക്കും
ഒരു ഗ്ലാസ് നാരങ്ങാ സോഡ
രണ്ടു സ്ട്രോ വെച്ച് ഒറ്റ വലിക്കു മോന്തും

രണ്ടാണുങ്ങൾ
പാതിരാത്രി
കുളത്തിന്റെ
അക്കരെയും ഇക്കരയും പിടിക്കും
യക്ഷികളെ പാലമരത്തിൽ നിന്നിറക്കി വിടും
നക്ഷത്രങ്ങളുടെ ചൂടിലേക്ക്
പറന്ന് ചെല്ലും

രണ്ടാളുകൾ തമ്മിൽ പ്രേമിക്കുമ്പോൾ
കാമത്തിന്റെ പിടച്ചിലാണെന്ന്
ശരിക്കും ധരിക്കുന്നവരേ
മലയിടിഞ്ഞ് വീഴും എന്ന് പറയുന്നവരേ
രണ്ടാണുങ്ങൾ തമ്മിൽ പ്രേമിക്കുമ്പോൾ
നിങ്ങളെ മുക്കാലിൽ കെട്ടി ചാട്ടവാറിനടിക്കും

രണ്ടാണുങ്ങൾ തമ്മിൽ പ്രേമിക്കുമ്പോൾ
ഫാസിസത്തിനെതിരെ
കവിതയെഴുതും
കലാപങ്ങൾ നിറച്ച മഷിപ്പേന
നെറികെട്ട കാലത്തിനെതിരെ
മുഷ്ടി ചുരുട്ടും
രണ്ടാണുങ്ങൾ പ്രണയിക്കുമ്പോൾ
അത് നിങ്ങളിതുവരെ കണ്ട
പ്രേമമേ ആവില്ല

രണ്ടാണുങ്ങൾ
പർവ്വതാരോഹകരെ പോലെയാണ്
ജീവിതം മൂത്ത് നിൽക്കുമ്പോൾ
അറ്റം കാണാത്ത പ്രതിസന്ധികളിലേക്ക്
പാഞ്ഞു കേറും
ജീവിതത്തിന് ലഹരിയെന്ന് പേരിടും



റിജേഷ് കാന്തള്ളൂർ

# പറയാതിരുന്നത്

കവിത

എന്റെ പറയാത്ത പ്രണയങ്ങളിലൊന്ന്
തൊണ്ടയിൽ കുരുങ്ങി
മരിച്ചു പോയിരുന്നു;
അതാണ് കഴുത്തിൽ
ഇപ്പോഴുമൊരു മുഴയായി
തെളിഞ്ഞു കാണുന്നത്.
കൊടുക്കാൻ കഴിയാതെ പോയ ഒരു ചുംബനം;
അതാണെന്റെ കീഴ്ച്ചുണ്ടിലിപ്പൊഴും
ഒരു ചന്ദ്രക്കല പോലെ
കരുവാളിച്ച് കിടക്കുന്നത്.
ഒരു രാത്രി മുഴുവൻ
ഉറക്കമൊഴിച്ചിരുന്ന് എഴുതിയിട്ടും
എടുക്കാൻധൈര്യമില്ലാതെ
മടക്കിവച്ച ആ പ്രേമലേഖനം ;
അതാണെന്റെ പഴയ
പാഠപുസ്തകത്താളിലിരുന്ന് ഇന്നും
ഒരിക്കലും ഒഴിയാത്ത
പൂമ്പാറ്റകളെ പെറ്റു കൂട്ടുന്നത്.
പ്രണയം കുടിക്കാതെ തന്നെ ഞാനാപ്രളയത്തിൽ
മുങ്ങി രമിച്ചു!
പറയാത്തപ്രണയത്തോളം
ഏകാന്തമധുരമായ ഒരു
കഷായം ഇല്ല തന്നെ!



പ്രദീപ് എസ്.എസ്



# പ്രണയ പക്ഷം

ഈ കുളപ്പടവിൽ ഞാൻ ആകാശ വെട്ടങ്ങൾ
നോക്കിക്കിടക്കുന്നു സന്ധ്യ മാഞ്ഞൂ
താരങ്ങളും...മെല്ലെ തെളിയുന്ന നിഴലിന്റെ
പിന്നിൽ നിലാവും പതുങ്ങി നിൽപ്പൂ

എത്താക്കരിമ്പനത്തട്ടിൽ കിലുങ്ങുന്ന
ചിരിയും ഉടൽ പൂത്ത മദഗന്ധവും
കാറ്റിലോ വെണ്ണിലാവിൻ ദുകൂലത്തിലോ
ചാഞ്ഞിറങ്ങുന്നെന്റെ നെഞ്ചിലേക്കായ്



പ്രമോദ് കുറുവാന്തൊടി

അവൾ തന്നെയോ? മിഴികൾപൂട്ടിഞാൻ ഉള്ളിലേ
ക്കാഞ്ഞെടുത്തൂ ഗന്ധ വിഭ്രാന്തികൾ
ഒരു തെല്ലു സംശയപ്പാട കെട്ടാതെയീ
കാഴ്ചയിൽ ചാരു രൂപം നിറഞ്ഞു

യക്ഷിയെന്നാരോ കുറിച്ചിട്ട പേരിലെ
യക്ഷരങ്ങൾ രാഗലോലമായി
ആരുമെത്താ പ്രണയ തല്പത്തിനോരത്ത്
കത്തുന്ന ചന്തം നുകർന്നിരുന്നു



മദഭരിതചുംബനത്താലെൻ കഴുത്തിലെ
തുടു ഞരമ്പിൽ തേറ്റ കോർത്തുവല്ലേ
കാലം കുറുക്കി വെച്ചൊരു വിഷം മെല്ലെ നീ
ഊറ്റിക്കുടിച്ചു വറ്റിച്ചുവല്ലേ ?

മഞ്ഞിന്റെയുടയാടയൂർന്നു പോയ് നിന്നിലെ
താരങ്ങൾ കണ്ടൂ നിലാവു മോന്തി...
നിന്നിലെ രാപ്പൂക്കളെല്ലാം ചുരത്തുന്ന
തേനും സുഗന്ധവും ഞാൻ കവർന്നൂ

രാവഴിഞ്ഞൂ... പിൻനിലാവിന്റെ ചേലയും
പല്ലും നഖങ്ങളും ബാക്കിയായീ
കാലമെന്നിൽ ചേർത്ത ക്ഷതമൊന്നു പോലുമേ
ബാക്കിയാക്കാതെ നീ തിന്നു തീർത്തു

കിളികൾ പാടും പുലർവേളയായ് ... ഭക്ഷിച്ച
ശിഷ്ടങ്ങൾ നിന്നിൽ നിന്നൂർന്നു വീണു ...
പിന്നെയും പിന്നെയും ബാക്കിയാവുന്നുവോ
ഞാൻ ... കഥയിലെഴുതുവാൻ മാത്രമായി .

കവിത

# കാർകൊണ്ടലിലെ ചന്ദ്രികയ്ക്ക്





മുജീബ് റഹ്മാൻ കരുളായി

എന്തിന് പരിഭവ -
മെന്നോട് പൗർണ്ണമീ
കാർമേഘപാളിയ്ക്ക-
കത്തൊളിയ്ക്കാൻ.?

ചുറ്റിലുമായിരം
താരക കന്യമാർ
നൃത്തമാടീടുമീ -
പ്പാതിരാവിൽ

മോഹങ്ങളിൽ വൃഥാ
കരിമഷി തൂകി നീ
മൂകമായ് തേങ്ങു -
ന്നതാർക്കുവേണ്ടി.?

ചുറ്റിലും നോക്കൂ
നിഗൂഢമാം രാവിനെ,
അലറുന്ന തിരക -
ളുറങ്ങുന്ന കടലിനെ,

ഇരവിൻ കരിമ്പടം
ചൂടുന്ന കാടിനെ,
ഇരുളിലും പുഞ്ചിരി
തുകുന്ന പൂക്കളെ,

രാവിലുമാർദ്രമായ്
പാടും കുയിലിനെ,
നിന്നെ ധ്യാനിക്കുമാ
ചിറ്റാമ്പൽ മൊട്ടിനെ...

പാരിത്രമോടിയി -
ലാടചൂടുമ്പൊഴും
അബ്ജിജനെന്തി -
ത്ര ശോകഭാവം..?'

കാർമേഘകാളിമ
യെങ്ങുംനിറഞ്ഞിടാം

ഞൊടിയിടയ്ക്കുള്ളി -
ലായർക്കൻ ചിരിച്ചിടാം

കാർവന്നു മൂടുന്ന
വിണ്ണിന്റെ നെഞ്ചിലും
മാരിവിൽ പുഞ്ചിരി
തൂകുന്നതില്ലയോ.?

എന്നേക്കുമായൊ -
ന്നുമില്ലയീ ഭൂമിയിൽ
മായുന്നു മഴപോലെ
വെയിൽപോലെസർവ്വവും

ജീവിത മീവിധമാ-
ണു നീയോർക്കുമോ.?
ചിരിയും കരച്ചിലും
ക്ഷണികമെന്നറിയുമോ.?

വ്യാപാരകേരളം
പ്രഥമ കവിതാ മത്സരത്തിൽ
**സമ്മാനാർഹമായ**
**കവിതകൾ....**



# കവിതകളുടെ പൂക്കാലം

# നെല്ലിക്കകളുടെ കാലം



ലക്ഷ്മി പി

നീ ഇരുട്ടത്തിരിക്കുകതന്നെയാണ്
ഇന്ന് ഉണ്ണാനും വരില്ല,
എനിക്കറിയാം.
ഞാനവിടെ വന്ന് ലൈറ്റിടാനും
വാ, മതി, കഴിക്കാമെന്ന് പറയാനും
എന്നെ വേണ്ടേ എന്നെല്ലാം ചോദിക്കാനുമായി
അതിലൂടെ ഒക്കെ നടന്നു.
അസഹ്യതയോടെയപ്പോളെന്തോ പറഞ്ഞത്
എനിക്കൊട്ട് മനസ്സിലായതുമില്ല.
ഇല്ല, ഞാൻ വരുന്നില്ല വിളിക്കാൻ .
നീ തിരക്കിട്ട് കോണിയിറങ്ങി വരുകയാണ്.
ആ ഷർട്ടെന്ത് മുഷിഞ്ഞതാണ്!
എന്നോട് കൂട്ടായാൽ ഞാനത്
തേച്ചു തന്നേനേ,
വേറൊരെണ്ണം ഇടെന്ന് വാശിയെങ്കിലും പിടിച്ചേനെ,
നീയെന്നെ നോക്കുന്നില്ല.
അവളുടെ അടുത്തുചെന്ന്
കുഞ്ഞിത്തുടയിൽ തട്ടുന്നുണ്ട്.
ഞാനങ്ങോട്ട് നോക്കുന്നില്ലെങ്കിലും എനിക്കറിയാം,
അവളാ കുഞ്ഞിക്കാലൊന്ന് നീട്ടിക്കാണിച്ച് പിന്നേം
ഉറങ്ങാൻ പോവുകയാണ്.
ഞാൻ നിന്നെ ചുറ്റിപ്പിടിച്ച്തന്നെയാണ് ഇരിക്കുന്നത്.
പെണ്ണഹന്ത കാണിച്ച് റോഡിൽ വീണ് ചാവാൻ
എനിക്ക് മനസ്സില്ല.
നമ്മുടെ മുന്നിൽ ഒരു പെട്ടിയോട്ടോ പോവുന്നുണ്ട്.
അതിൽ നിറയെ നെല്ലിക്കയാണ്.
ഒന്നു മിണ്ടിയിരുന്നെങ്കിൽ
ഇത് നെല്ലിക്കയുടെ സീസണാണോ എന്ന്
ഞാൻ ചോദിച്ചേനേ,
ഇത്തിരി നെല്ലിക്ക വാങ്ങാമെന്ന് പറഞ്ഞേനേ.
നമുക്ക് വഴി തരാത്ത
പെട്ടിയോട്ടോക്കാരനെ നോക്കി
നീ നാശമെന്ന് പറയുന്നുണ്ട്.
അതിൽ പകുതി നാശമേ അയാൾക്കുള്ളെന്നും
ബാക്കി പകുതി എനിക്കുള്ളതാണെന്നും
എനിക്കറിയാം.
ഇനി ആ ബസ്കാരനോടും
കാറുകാരനോടുംകൂടി പറ
നാശമെന്ന്.
ഞാൻ പിടിവിടാൻ പോവുന്നില്ല.
നീയെന്നെ ബസ്സ്റ്റോപ്പിൽ വിട്ട് പോവുകയാണ്
തെങ്കാശി ഫാസ്റ്റിപ്പോൾ വരുകയും
ഞാനതിൽ കയറുകയും ചെയ്യും.
എത്തിയിട്ട് വിളിക്കണം എന്നിന്ന് പറയില്ല,
എനിക്കറിയാം.
പക്ഷേ, നോക്കിക്കോ.
നെല്ലിക്കപോലെ നമുക്കാകെയിനി
മധുരിക്കാൻ പോവുകയാണ്.
ഞാൻ നിന്നെ പിടിവിടാനേ പോവുന്നില്ല.



പാലക്കാട് തൃത്താല സ്വദേശം. പട്ടാമ്പി ശ്രീനീലകണ്ഠ ഗവ. സംസ്കൃതകോളേജിൽ നിന്ന് റാങ്കോടുകൂടി മലയാളസാഹിത്യത്തിൽ ബി.എ, എം.എ എന്നിവ പൂർത്തിയാക്കി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷകയാണ്.



# ഉടലുരസി ഉരസി തീക്കൂട്ടുന്നവളുടെ രഹസ്യം



**ആദി**

1

അപ്പച്ചൻ മരിച്ചേപ്പിന്നെ
അമ്മ പ്രേമിച്ചിട്ടേയില്ല.
അയലത്തെ റോയിച്ചന്റെ
മുണ്ടുകേറ്റിയുള്ള നിൽപ്പുകണ്ടു-
പോലുമമ്മ ചൂളിയിട്ടില്ല.
അങ്ങേരുടെയാ തൊട
കാണുമ്പോളേക്കെനിക്കു പോകും.

നരിച്ചീറു പാറ്റിയ ഇരുട്ടുകൊണ്ടമ്മ
കറുത്തമൊലകളെ ഒളിച്ചുവെച്ചില്ല.

ഒരിക്കലും
വിജാഗിരികളിളകിവീണ
ജനവാതിലിന്റെ നോട്ടത്തിലേക്ക്
തെളച്ചവെള്ളമൊഴിച്ചില്ല,

അപ്പച്ചനിടിക്കുമ്പോ വാളുവെച്ച
പുളിച്ചതെറി വിളിച്ചാരേയു-
മാട്ടിയോടിച്ചില്ല.

ഇടക്കിടെ,
തലമുടി വാരികേറ്റിക്കെട്ടി
കക്ഷത്തിലെ
നാറുന്ന ചേറുകാട്ടും.

തലയിലെ പോത്തൻപ്പേനു കാട്ടും.

തുരുമ്പിച്ച വാതിലിനികം പറ്റി
റോഡുപണി തീരുവോളം പിടിച്ചുവെച്ച
മൂത്രം മഞ്ഞയെന്ന് കാട്ടും.

വെയിലുകൊണ്ട മൊല കറുപ്പെന്നും
കല്ലുപോലെന്നും കാട്ടും.

ഊക്കിലുള്ള ചവിട്ടിൽ നാഭി
ചോരകല്ലിക്കുമെന്നു കാട്ടും.

2

അപ്പച്ചൻ മരിച്ചേപ്പിന്നെയമ്മ ആണുങ്ങളെ പ്രേമിച്ചിട്ടില്ല.
റോഡിൽ
കരിയോായിലൊഴിക്കുന്നവള്
കക്ഷത്തിലെ
ചേറുരുട്ടി തോളെല്ലിലേക്കു മാറ്റും.
അവറ്റകളുടെ ചുണ്ടിലപ്പൊ
ഉപ്പ്.

ചാണകം മെഴുകുന്നവള് തലേലെ
പേനെടുക്കും,
പൊട്ടിച്ചുചിരിക്കും.

അവറ്റകളുടെ വിരലിലപ്പടി
പ്രേമത്തിന്റെ നീര്.

നിലം തൊടയ്ക്കുന്നവളുടെ-
യഹമ്മതിയവളാ
കറുത്ത മൊലതൊട്ട്
വെള്ളത്തിനു
നിറം കൊടുക്കുന്നു.

അവറ്റകളുടെ ഉടലപ്പോൾ
കൂടുതൽ കറുപ്പ്.

അടുപ്പെരിക്കുന്നവളും
എട്ടെണ്ണം പെറ്റവളും
അമ്മയോടുകൂടെ കിടക്കും.
'എന്റെ ഞാനെ'-യെന്നുവിളിച്ചുറക്കെ കെട്ടിപ്പിടിക്കും.
കെതപ്പിന്റെ വിളിയിൽ
സ്നേഹമെന്ന ഭാഷ
തൂങ്ങും.

പൊറത്തു വരി നിക്കുന്ന ആണുങ്ങക്കിതു
കണ്ടു സഹിക്കുന്നില്ല.
കൂരയ്ക്കു തീവെച്ചവർ
വെറുപ്പ് കാട്ടും.
വെകിളിപിടിച്ചു
മുണ്ടുപൊക്കും,
രോമക്കാടുള്ള കാലു കാട്ടും.

അമ്മയപ്പോഴും
ഉമ്മ വെച്ചുതീരുന്നില്ല.
ഉടലുകൾ ഉരസി ഉരസി തീക്കൂട്ടുന്നവളെപോലെ
അമ്മയതു കണ്ടില്ലെന്ന്
നടിക്കുന്നു,
ഉള്ളിൽ തിളയ്ക്കുന്ന
കടലിൽ മാത്രം
കണ്ണുവെക്കും.

അല്ലേലുമപ്പച്ചൻ
മരിക്കുംമുന്നേയും
അമ്മ ആണുങ്ങളെ
പ്രേമിച്ചിട്ടേയില്ല.

കോഴിക്കോട് സ്വദേശി. എം.എ. മലയാളം വിദ്യാർത്ഥി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി. സമൂഹമാധ്യമങ്ങളിൽ ലേഖനങ്ങളും കവിതകളും എഴുതുന്നു.

# ആത്മഹത്യ ചെയ്യുന്നൊരു കപ്പലിന്റെ കാമുകൻ

● രണ്ടാം സമ്മാനാർഹമായ കവിത



നിഖിൽ തങ്കപ്പൻ

നൂറുനൂറു യാത്രക്കാരെ
ഉള്ളോടു ചേർത്ത്
ആഴങ്ങളിലേക്ക്
ആത്മഹത്യ ചെയ്യുന്നു
കപ്പൽ.

താഴ്ന്നു താഴ്ന്നു പോകുമ്പോൾ
ആയിരംകോടി മീനുകൾ
പരാജയപ്പെട്ട കൂറ്റനിരുമ്പുദേഹം
തൊട്ടുനോക്കി ആശ്ചര്യം കൂറുന്നു.
ഇരുളിലേക്ക്
കപ്പൽ
തന്റെ അവസാനത്തെ വെട്ടവും
കെടുത്തുന്നു.

പതിയെ
മീനുകൾ
കപ്പലിന്റെ ദ്വാരങ്ങളിൽക്കൂടി
പുതിയ ആവാസവ്യവസ്ഥയിലേക്ക്
കുടിയേറും.
ഉപ്പുവെള്ളത്തിൽ ദ്രവിച്ചുകൊണ്ടിരിക്കുന്ന
യാത്രക്കാരെ
തിന്നുനോക്കും.

കൗതുകക്കളിയിൽ
എന്നെങ്കിലും
അവ
യന്ത്രമുറിയിലേക്ക് നുഴഞ്ഞു ചെല്ലുമായിരിക്കും.
അപ്പോളവ കാണും,
എണ്ണമെഴുക്കുള്ള
കപ്പലിന്റെ ഹൃദയത്തെ
പുണർന്നിരിക്കുന്ന
ഒരു യാത്രികനെ.

അവന്റെ
ജീവനുള്ള ദേഹം
കടലിന്റെ നിയമങ്ങൾക്കൊത്ത്
മീനുകൾ
കൊത്തിത്തീർക്കും മുൻപ്
കപ്പലിനെ
നീലപ്പരപ്പിലേക്ക്
അവനുയർത്തിക്കൊണ്ടുവരുമെന്ന്
സുന്ദരമായൊരു സ്വപ്നം കാണുന്നു

താഴ്ന്നുതാഴ്ന്നു പോകുമ്പോൾ
ഞാൻ.



---

പാലക്കാട് മണ്ണാർക്കാട് സ്വദേശി. കോട്ടയം,പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദം പൂർത്തിയാക്കി. ആനുകാലികങ്ങളിലെ ക്യാമ്പസ് പേജുകളിലും ഓൺലൈൻ മാധ്യമങ്ങളിലും കവിത എഴുതാറുണ്ട്. ആദ്യ കവിതാസമാഹാരം–സാക്ഷ്യം– 2015 ൽ പ്രസിദ്ധീകരിച്ചു.

# പെൺമണങ്ങൾ

● മൂന്നാം സമ്മാനാർഹമായ കവിത



സ്റ്റെല്ല മാത്യു

കൊയ്ത്തുപാടത്ത്
പെണ്ണിന്റെ
ചുണ്ടുവരമ്പുകളീന്നുതിർന്ന
ചുംബനവിത്താണ്.

പെൺമുഖത്തിരമ്പിക്കയറുന്നു
തേവുചക്ര പ്രണയജലം.
രണ്ടു മീൻകുഞ്ഞുങ്ങൾ
മുട്ടിയുരുമ്മുമിടത്തിൽ
ചുണ്ടുമ്മകൾ
എടുത്തു ചാടുന്നു.
അന്നത്തെ പകലിൽ
ചുവർവരമ്പിൽ
നീ വൃശ്ചികത്തിലെ
നെൽപ്പൂക്കൾ വരച്ചിട്ടു.
നെഞ്ചോടടുക്കിയ ഋതുപുസ്തകത്തിൽ
അവളതിന്റെ ഇതളുകൾ
നമ്മുടെ കുഞ്ഞുങ്ങൾക്കായി എടുത്തുവച്ചു.
അത്രയും പ്രിയപ്പെട്ടവനോട്
ഇനിയെന്തൊക്കെയാണ് വൃശ്ചികപ്പെണ്ണേ മൂളാനുള്ളത്?
എന്തൊക്കെ പ്രതീക്ഷകളിലാണ് നീയുണരുന്നത്...?
അവളുടെ വരികൾ,
പാടത്തിൽ അന്നിരുന്നുകണ്ട ഞാറ്റുസ്വപ്നങ്ങൾ.
ആഴങ്ങൾ കിതപ്പിന്റെ ഉഴവുചാലുകൾ.
ആത്മരതിക്കുമേൽ
അവളുടെ കവിത കൊയ്തിട്ട വിത്തുകൾ
വെയിൽ വിയർപ്പിറ്റിൽ
നനഞ്ഞു താണു.
സൃഷ്ടിയുടെ ചിനിപ്പ്
സ്വയം പിളർന്നു.
ഇളംചൂടിന്റെ ചതുപ്പു നുണഞ്ഞു.
ആദ്യമുളയിലെ ഈറ്റുനാരുകൾ
നേരിന്റെ ഉൾപ്പരപ്പിലേക്ക്
കിനിഞ്ഞിറങ്ങി.
പച്ചക്കാടിന്റെ കനപ്പുകാവലിൽ
വെയിൽനടത്തത്തിന്റെ ആത്മാവ്
വിരലിൽ തൊട്ടു.
പാതിരാത്രിയിലെ പന്തവെളിച്ചത്തിൽ
ഉറുക്കഴിഞ്ഞുവീഴുന്ന പെണ്ണിന്റെ ഉറക്കുപാട്ട്.

പാടിനിറുത്തിയ അവൾ
ഓടക്കുഴലിടറിയ മറുവശത്തേക്കു
കാതുചേർത്തുറങ്ങുന്നു.
അതിരിലെ
ചുറ്റുവള്ളികൾ നിറഞ്ഞ പച്ചക്കമ്പ്
പുലരിനോട്ടത്തിൽ
ആകാശസ്വപ്നംതൊട്ടു ചുവന്നു.
ചുവടുപറിയുന്ന മണ്ണിൽ
അപ്പോഴും
നനുത്ത്
പെണ്ണിന്റെ
പെയ്ത്തുമണം
അവൾ വിയർത്ത കറ്റകളുടെ
കൊയ്ത്തുമണം.

---

വയനാട് സെന്റ് കാതറൈൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപികയായി ജോലി ചെയ്യുന്നു. വയനാട് പള്ളിക്കുന്നാണ് സ്വദേശം. ആനുകാലികങ്ങളിൽ എഴുതിവരുന്നു.



# പ്രണയാദ്വൈതം

● മൂന്നാം സമ്മാനാർഹമായ കവിത

അനുരാഗമെന്നത്
ഒരു നാട്ടുവെളിച്ചമാണ്
അവ്യക്തമാണെങ്കിലും
ഓരോരുത്തർക്കും കാണാം.
തനിക്കുമാത്രം പരിചയമുള്ളവഴികളിലൂടെ
നിസ്സംശയം നടന്നുനീങ്ങാം.

അതിന്റെ സ്പർശം
മിതശീതോഷ്ണമാണ്
കുന്നിറങ്ങുന്നകാറ്റും
സന്ധ്യാംബരരശ്മികളും
നമ്മെ പൊതിയുമതിന്റെ വിരലുകളാണ്..

അതിന്റെ ശബ്ദവീചികൾക്ക് ചെവിയോർത്താൽ,
നിശബ്ദതയിൽ
കാറ്റാടിമാലകൾ കിലുങ്ങുന്നപോലെ
സുഖകരമായികേൾക്കാം.

ഇമകളടച്ചാൽ ധ്യാനമാകും പാടിയാൽ രാഗങ്ങളും
തിരഞ്ഞാൽ മഞ്ഞുതുള്ളിയും
അകന്നാൽ സ്വപ്നവുമിതുതന്നെ.

മനുഷ്യരെ ദൈവമാക്കണോ
പ്രണയിച്ചോളൂ
ദൈവങ്ങളെ മനുഷ്യരാക്കണോ
പ്രണയിച്ചോളൂ
അങ്ങനെയങ്ങനെ
സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിലെ
നൂൽപ്പാലത്തിലൂടെ സഞ്ചരിക്കാം
സ്വതന്ത്രമായി...

രണ്ടാമതൊരാളിതിൽ വരികിലുംപോകിലും
ഒന്നുമായും ബന്ധമില്ലിതിന്
നമ്മിൽ തുടങ്ങുന്നു പ്രണയം
നമ്മിൽ ഒടുങ്ങുന്നു പ്രണയം!



**ശാന്തി പാട്ടത്തിൽ**

പാലക്കാട് സ്വദേശി. അധ്യാപിക. 'ഉയിർ തീണ്ടൽ' എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ എഴുതുന്നു. സർഗഭൂമി പുരസ്കാരം, ഇന്ത്യ പോയട്രി ഫെസ്റ്റ് അവാർഡ്, എഴുത്തുകൂട്ടം കാവ്യസമ്മാനം, തപസ്യ കവിതാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

# മുക്കുവന്മാരുടെ കത്ത്

അൽത്താഫ് പതിനാറുങ്ങൽ

ഏതു പ്രണയത്തെയാണ്
കടൽ ഇത്രമാത്രം
തണുപ്പിൽ പുതപ്പിച്ച്
ഒളിപ്പിച്ചുവെക്കുന്നത്.

എന്തൊരു പ്രണയമാണ്
നിന്റെ ഉൾമേനിയിൽ
മൃതിയടഞ്ഞ്
ഉപ്പുകല്ലിൽ അലിഞ്ഞുചീയാതെ
കമിഴ്ന്നുകിടക്കുന്നത്.

ഇന്നും നീ,
അകലെനിന്ന് അലറിത്തിമിർത്ത്
അകത്തുള്ള പ്രണയത്തെ
പുറന്തള്ളാൻ നോക്കാറുണ്ട്.

അടുത്തെത്തിയാൽ
മൗനമൊലിപ്പിച്ച് ഉൾവലിയാറുമുണ്ട്.

നിന്റെ മണൽപ്പരപ്പിൽ
ആൺപ്രണയത്തിന്റെ പ്രതികാരവും
പെൺപ്രണയത്തിന്റെ പ്രതീക്ഷയും
ആണും പെണ്ണുമായവരുടെ
ഉൾവിചാരവുമുണ്ട്.

കടലേ...
ആണായാലും പെണ്ണായാലും
മരവിപ്പിച്ചുകിടത്തിയ
നിന്റെ മൃത്യുവരിച്ച പ്രണയത്തെ
പുറത്തെടുത്ത് അടക്കംചെയ്യുക.

ഉപ്പുചവർക്കുന്ന നീലക്കടലിനെ
നീരാവികൊണ്ട് ബാഷ്പീകരിക്കുക.

നാളെ,
നടുക്കടലിൽ വിടർന്നിറങ്ങുന്ന
എന്റെ വലയിൽ
നിന്റെ പ്രണയഗർഭത്തെ നിറക്കുക.

ഒടുക്കം,
ഉപ്പില്ലാത്ത-നീലംമുക്കാത്ത
ഒരിറ്റു തെളിനീർ
നീയെന്നെ കുടിപ്പിക്കുക.

മലപ്പുറം സ്വദേശി. അധ്യാപകൻ. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നു. കടമ്മനിട്ട സ്മാരക കവിതാ പുരസ്കാരം, ഔവ്വർ സാഹിത്യ പുരസ്കാരം ഉൾപ്പെടെ 12 സാഹിത്യ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



# സൂര്യമിത്രയ്ക്ക് സ്നേഹപൂർവ്വം...





**കെ.വി. സുമിത്ര**

എഴുതി തീരാത്ത
കവിതയുടെ ഇതളുകളിലാണ്
നിന്നെ ഞാൻ ആദ്യമായി
കാണുന്നത്...

ഇതളിൽ നിന്നും
പച്ച പടർപ്പിലേക്കും
മേഘങ്ങളിലേക്കും
പിന്നെ താഴെ
ഭൂമിയിലെ ഉൾവരമ്പുകളിലേക്കും..

നീ,
എത്ര ഒഴുകി
എന്നന്വേഷിക്കുന്നതിനേക്കാൾ നല്ലത്,
നീയെത്ര എന്നിൽ ഒഴുകിയില്ല
എന്നാവും സൂര്യ...

നീ,
ഭൂമിയിൽ പതിക്കാത്ത
ഇടങ്ങളിലാത്ത മാതിരി
നീയെന്നിൽ നിറയാത്ത
വഴികളില്ല, വയലുകളില്ല.
പൂക്കളിൽ, ശലഭങ്ങളിൽ
മൃതിയുടെ നിസ്സംഗഭാവങ്ങളിൽ,
മുറിവിന്റെ അനന്തവളർച്ചയിൽ,
മറവിയുടെ മാറാലവള്ളികളിൽ..

നീ,
പ്രണയത്തിന്റെ പൂങ്കാവനമാകുന്നു..
നീലജലത്തിൽ ഒഴുകുന്ന പുഴ..
ശാന്തിയുടെ മൃദുശാന്തത..
ധ്യാനത്തിന്റെ നിത്യാനന്തത...

കവിതയുടെ അന്ത്യവരി പൂർണത്തിൽ
കടമെടുത്തത് നിന്റെ സ്വർഗം..
ആകാശപൂഞ്ചോലയിൽ
വിരിയിച്ചെടുത്ത
നക്ഷത്ര പൊട്ടുകൾ..
എന്റെ നെറ്റിയിൽ
സിന്ദൂരരേഖയായി...

അതൊരു
അകക്കണ്ണിന്റെ ദൃക്ക്ജ്ഞാനമായി
നീയെനിക്കു
നൽകിയതോ..??

കണ്ണകി തീചൂടിൽ
പെടാതിരിക്കാനുള്ള
നിന്റെ ജ്ഞാനദൃഷ്ടിയോ??

ദൈവത്തിന്റെ തിരുമുന്നിലേക്ക്
ക്ഷണിച്ചോരു ക്ഷണപത്രം
നിന്റെ കൈയൊപ്പെടെയുള്ളത്
ഇപ്പോഴെന്റെ മുന്നിലുണ്ട്..
സൂര്യനായും ഉദയനായും
മാറുന്ന തിരശീലയ്ക്കു
പിന്നിൽ...


സൂര്യമിത്ര,
നീയിപ്പോൾ ആവാഹിച്ചെടുത്ത
സമുദ്രത്തെ ഉള്ളിൽ
കടഞ്ഞെടുക്കുക..
കാലാനന്തരം,
വരും തലമുറയ്ക്ക്
പേടിച്ചോരൊന്നും
മുറവിളി കൂട്ടാനുള്ള
പായ്ക്കപ്പലാവാതിരിക്കുക..

പകരം
ഉഷസ്സിൽ ജനിക്കുകയും
ജീവനോളം പ്രണയിച്ചൊരുവളുടെ
നെഞ്ചിലെ മഴവില്ലായും
വിടരുക...
ഉമ്മവെച്ചുണർത്തിയെടുത്ത
സ്വപ്നങ്ങളുടെ
കടമെടുപ്പിൽ
നീയെന്റെ എഴുതാ കവിതയായി
മാറുക...

---

കൊച്ചി സ്വദേശി. മലനാട് ടി വിയിൽ സീനിയർ എക്സിക്യൂട്ടീവ് എഡിറ്റർ ആയി ജോലി ചെയ്യുന്നു. ശരീരം ഇങ്ങനെയും വായിക്കാം, കവിതാ സമാഹാരം (ഡി സി ബുക്സ്), വേര് തൊടും നിലാവ്, കവിതാ സമാഹാരം (ഡി സി ബുക്സ്), നിറങ്ങളിൽ പെയ്യുന്ന തോരാമഴ, (അനുഭവം, യാത്ര, ഓർമ്മക്കുറിപ്പ്) (സൈകതം ബുക്സ്), അവളെഴുത്ത്, കവിതാ സമാഹാരം (ഫേബിയൻ ബുക്സ്) എന്നിവ കൃതികൾ.നെതെർലാൻഡന്റ്സ് മീഡിയ അക്കാദമിയുടെ രാജ്യാന്തര ഫെൽലോഷിപ്പും അമേരിക്കൻ റോയൽ യൂണിവേഴ്സിറ്റിയുടെ മീഡിയ ഡോക്ടറേറ്റും കിട്ടിയിട്ടുണ്ട്. എഴുത്തോല പുരസ്കാരവും ദേശിയ മനുഷ്യാവകാശ സംഘടനയുടെ അവാർഡും ലഭിച്ചിട്ടുണ്ട്.

## വ്യാപാരകേരളം
## കവിതാമത്സരം – 2020
# പങ്കെടുത്തവർ



സിന്ധു ഗാഥ, ഹരിദാസ് എം. യു, സുജാത ശിവൻ, ബിന്ദു വിജൻ, അജിത രാജേഷ്, പ്രിയ ഷൈൻ പാല, സ്റ്റെല്ല മാത്യു, ശോഭ ജി. ചേലക്കര, ശാന്തിപാട്ടത്തിൽ, വിനോദ് ചെത്തല്ലൂർ, രമേശ് മങ്കര, കെ. വി. സുമിത്ര, ആരിഫ് എ. പി, ഡോ. സുനീത് മാത്യു, സിന്ധു ആർ, ഹാഷിർ, ജ്യോതി അനൂപ്, ശ്രൂകുമാർ ചേർത്തല, റിജേഷ് കാന്തള്ളൂർ, പ്രദീപ് അകത്തേത്തറ, അൽത്താഫ് പതിനാറുങ്ങൽ, യഹിയ മുഹമ്മദ്, ശ്രീല കെ. ആർ, രാജു കാഞ്ഞിരങ്ങാട്, പ്രദീപ് എസ്. എസ്, വിനോദ് വെള്ളായണി, സെയ്തലവി, ശ്രീദേവി കെ. ലാൽ, ഹാജറ കെ. എം, ആദി, എസ്. കെ. ജയദേവൻ, സലാഹുദ്ദീൻ, രാമചന്ദ്രൻ പുറ്റുമാനൂർ, ശ്രീജ വിജയൻ, ഷിബി നിലാമുറ്റം, സവിതാ ദാസ്, നിഖിൽ തങ്കപ്പൻ, ശ്രീദേവി അമ്പലപുരം, ജ്യോതി കെ, ഷംസീന സൈത്തൂൻ, ലക്ഷ്മി പി, രശ്മി എൻ. കെ, ജിജോ രാജകുമാരി, അഹമ്മദ് ഖാൻ, ജ്യോതി അനൂപ്, ശ്രീകുമാർ ചേർത്തല, രാഹുൽ രാജൻ, എ. കെ. അനിൽകുമാർ, ജോസെ ലിയോൺ, നിത്യലക്ഷ്മി, മുജീബ് റഹ്മാൻ കരുളായി, അജിത രാജൻ, പ്രമോദ് കറുവാൻതൊടി, ബാബി തെക്കേപ്പുറം, അജയകുമാർ ചെറുമൂട്, മുരളീധരൻ പുന്നേക്കാട്, ബാബു പുത്തൻപറമ്പൻ, നിമിഷ ഹിജ്ജു, വിനുകുമാർ എൻ. വി, ടോമി ചെട്ടിപ്പറമ്പിൽ, രജില ചിത്തരഞ്ജൻ, നീതു കെ. ആർ, ഷഫീക്ക് ഉമ്മർ വി. സി, അനീഷ് തലോറ, സിന്റ സേവി, തങ്കപ്രസാദ് വി, ദിൽഷാദ്, പി. ആർ. ദേവി, അശ്വതി പി. കെ, സ്വപ്നറാണി എം, ഷമീമ തിരുവേഗപുറ, കെ. കെ. മണികണ്ഠൻ, സന്ധ്യ ദേവദാസ്, നിധീഷ് മാലുമേൽ, പ്രസാദ് ടി. ജെ, ശ്രീശാന്ത് ഡി, മുക്ത വാരിയർ, ബീന പി. ജി, മുഹമ്മദ് അജീർ ഒ, സുരേഷ് കയ്യള, ജ്യോതിരാജ് തെക്കൂട്ട്, കെ. വി. ശ്രീജ, സപ്ന ചന്ദ്രശേഖർ, സിന്റി മാപ്രാണം, ശ്രീഷ്മ പി. സാഹിൻ, ചന്ദ്രമേനോൻ, സബീഹ് മുന്നിയൂർ, ലേഖ സുരേഷ്കുമാർ ജി, ദിവ്യ സി. ആർ, ഡോ. സുകേഷ്, ലെച്ചൂസ്, ജോസഫ് മൽപാൻ.